ദി ഡിഫെൻഡർ

Vol. No. 8 Issue No. 18 RNI Reg. No. 68089 / 97 Published From Perumbavoor 2005 SEPTEMBER 16

# കെ.പി. കുര്യനെതിരെ നടപടി എടുക്കണം: ജനറൽ കൗൺസിൽ

ഐ.പി.സി.കേരള സ്റ്റേറ്റ് കൗൺസിൽ അംഗവും ആമല്ലൂർ (തിരുവല്ല) സഭയുടെ പാസ്റ്ററുമായ കെ.പി.കുര്യനെതിരെ നടപടി ആവശ്യപ്പെട്ട് ഐ.പി.സി. ജനറൽ കൗൺസിൽ ഐ.പി.സി. സ്റ്റേറ്റ് കൗൺസിലിന് കത്തു നൽകി. (കത്ത് മൂന്നാം പേജിൽ). ഐ.പി.സി. ജനറൽ പ്രസിഡന്റായ ടി.എസ്.ഏബ്രഹാം, ജനറൽ സെക്രട്ടറിയായ കെ.എം.ജോസഫ് എന്നിവരാണ് കത്തിൽ ഒപ്പിട്ടിരിക്കുന്നത്.

ഐ.പി.സിയിലെ ഒരു പാസ്റ്റർക്കെതിരെ നടപടി എടുക്കാൻ ആവശ്യപ്പെട്ട് ജനറൽ കൗൺസിൽ സ്റ്റേറ്റ് കൗൺസിലിന് കത്തുകൊടുക്കുന്നത് അസ്സാധാരണ നടപടിയാണ്. ഇതിന് ഇടയാക്കിയ സംഭവത്തേപ്പറ്റി ഐ.പി.സി. ജനറൽ ട്രഷറർ ഐ.പി.സി. ജനറൽ കൗൺസിലിന് നൽകിയ കത്തിൽ വിശദീകരിക്കുന്നുണ്ട്. ഈ കത്ത് രണ്ടു മാസം മുൻപ് ഡിഫെൻഡറിൽ പ്രസിദ്ധീകരിച്ചിരുന്നു. കത്തിന്റെ പ്രസക്ത ഭാഗങ്ങൾ:

"06-06-2005ൽ ഐ.പി.സി. ജനറൽ കൗൺസിലിന്റെ അടിയന്തിരയോഗം ജനറൽ സെക്രട്ടറി പാസ്റ്റർ കെ.എം. ജോസഫ് അവറുകളുടെ അദ്ധ്യക്ഷതയിൽ സൗദി അറേബ്യയിലെ സുവിശേഷകരുടെ വിഷയത്തെക്കുറിച്ച് ചിന്തിക്കുവാനായി കൂടി.

ഈ സമയം പാസ്റ്റർ കെ.പി. കുര്യൻ ധിക്കാരമായി സ്റ്റേജിൽ ചാടിക്കയറി ഭാരവാഹികളോടൊപ്പം ഇരുന്നു. 2005ൽ നടന്ന ജനറൽ കൺവെൻഷൻ ഭക്ഷണതുക കൊടുക്കാതെ ആരെയും പുറത്ത് വിടുകയില്ലായെന്നും പറഞ്ഞ് ഭീക്ഷണിപ്പെടുത്തി അലങ്കോലപ്പെടുത്തി. യോഗത്തിൽ 14 അംഗങ്ങൾ ഹാജരുണ്ടായിരുന്നു. ഈ അവസരത്തിൽ ഒരാവശ്യത്തിന് പുറത്തേക്കിറങ്ങുവാൻ ഞാൻ ഒരുങ്ങിയപ്പോൾ പാസ്റ്റർ കെ.പി. കുര്യൻ ബലമായി തടസ്സപ്പെടുത്തി. ജോയിന്റ് സെക്രട്ടറി പാസ്റ്റർ ബഞ്ചമിൻ വർഗീസ് അവറുകൾ എഴുതിക്കൊണ്ടിരുന്ന ബുക്ക് ബലമായി തട്ടിപ്പറിച്ച് കൈവശപ്പെടുത്തി. കൂടാതെ വിദേശത്തായിരിക്കുന്ന ജനറൽ പ്രസിഡന്റ് പാസ്റ്റർ റ്റി.എസ്. എബ്രഹാം അവറുകളെ ആക്ഷേപിച്ച് സംസാരിച്ചു. അടുത്തവർഷം ജനറൽ കൺവൻഷൻ നടത്തുന്നത് താനാണെന്നും വിദേശികളെക്കൊണ്ട് പ്രസംഗിക്കുകയില്ലായെന്നും കേരള കൗൺസിൽ ഭരിക്കുന്നത് താനാണെന്നും പാസ്റ്റർ കെ.പി. കുര്യൻ ധിക്കാരമായി ആക്രോശിച്ചു. പാസ്റ്റർ കെ.പി കുര്യൻ ഹെബ്രോനിൽ വച്ച് ചെയ്തുകൂട്ടിയ ധിക്കാരപരമായ ഏതാനും ക്രൂരകൃത്യങ്ങൾ മാത്രം തെളിവിനായി ഓർമ്മപ്പെടുത്തുന്നു.

1. 2001ലെ ജനറൽ കൗൺസിൽ തിരഞ്ഞെടുപ്പിനു ശേഷം ആദ്യമായി കൂടിയ കൗൺസിൽ മീറ്റിംഗിൽ അനധികൃതമായി കടന്നു കയറി ഹാജർബുക്ക് പിടിച്ചു വാങ്ങി അതിൽ ഒപ്പിട്ടു.

2. 07-08-2003ലെ തിരഞ്ഞെടുപ്പ് സംബന്ധിച്ച ഓഫീസ് ജോലികൾ ചെയ്തുകൊണ്ടിരുന്ന മുറി വേറൊരു താഴുകൊണ്ട് പൂട്ടി ജോലി തടസ്സപ്പെടുത്തി. ഭീകരാവസ്ഥ സൃഷ്ടിച്ചു.

3. 2003ൽ യു.എസ്.എയിൽ നിന്നും വന്ന പാസ്റ്റർ ജോൺ ഡാനിയേൽ അവറുകളുടെ ഷർട്ടിൽ കടന്നു പിടിച്ച് ബലമായി ഉലച്ച് ദാരുണമായി ഭീക്ഷണിപ്പെടുത്തി അപമാനിച്ചു. ഇതു സംബന്ധിച്ച് ഐ.പി.സി. കോട്ടയം സൗത്ത് സെന്റർ സെക്രട്ടറി 17-01-2003ന് ജനറൽ കൗൺസിലിന് പരാതി കൊടുത്തു. ആവശ്യപ്പെട്ടാൽ കോപ്പി നൽകാം.

4. 2004ൽ എന്നെ ഫോണിൽ ക്കൂടി രാത്രിയിൽ ഭീക്ഷണിപ്പെടുത്തി. ഈ വിവരം വാക്കാൽ സഭാ ഭാരവാഹികളെ അറിയിച്ചിട്ടുണ്ട്.

5. 2003ലെ ജനറൽ കൗൺസിലിൽ സംബന്ധിക്കുവാനായി ചെന്ന എന്നെ ഹെബ്രോനിൽ വച്ച് കടന്നു പിടിച്ച് ചീത്ത പറയുകയും, ഭീക്ഷണിപ്പെടുത്തുകയും, ഞെരിച്ചുടയ്ക്കുമെന്നും പറഞ്ഞു. ഇത് സംബന്ധിച്ച് പരാതി ഞാൻ ജനറൽ കൗൺസിലിലും, സ്റ്റേറ്റ് കൗൺസിലിലും അന്ന് നടന്ന മീറ്റിംഗിലും നൽകിയിട്ടുള്ളതാണ്.

6. സ്റ്റേറ്റ് കൗൺസിൽ മെമ്പറായ അഡ്വ. ശ്യാം കുരുവിളയെ ഭീക്ഷണിപ്പെടുത്തി അപായങ്ങൾ പറയുകയും, തന്തയ്ക്ക് പറയുകയും ചെയ്ത പേരിൽ അദ്ദേഹം കൗൺസിലിൽ നൽകിയ പരാതിയുടെ കോപ്പി ആവശ്യപ്പെട്ടാൽ നൽകാം.

7. ഐ.പി.സി. പാമ്പാടി സെന്റർ പാസ്റ്ററും ഹെബ്രാൻ ബൈബിൾ കോളേജ് PG ഡീനുമായ പാസ്റ്റർ റ്റി.സി.കോശി അവറുകളെ ഭീഷണിപ്പെടുത്തി, തന്തയ്ക്കു പറയുകയും ചെയ്തതായി അദ്ദേഹം സഭാ ഭാരവാഹികളെ യഥാസമയം അറിയിച്ചിട്ടുണ്ട്.

8. കുമ്പനാട് ഐ.പി.സി. ജനറൽ കൺവെൻഷനിലെ മുഖ്യ പ്രാസംഗികനായി ഫോട്ടോ സഹിതം 21-03-2003ലെ മനോരമയിൽ വ്യാജമായി പരസ്യപ്പെടുത്തി ജനങ്ങളെ തെറ്റിദ്ധരിപ്പിച്ചു.

9. 2005ൽ നടന്ന ജനറൽ കൺവെൻഷൻ ഫുഡ് കൺവീനർ ഡോ. ജോർജ്ജ് തോമസ് അവറുകളായിരുന്നു. അദ്ദേഹത്തിന്റെ സഹായിയായി പ്രവർത്തിച്ചിരുന്നത് പാസ്റ്റർ കെ.പി. കുര്യൻ ആയിരുന്നു. 2004ൽ മന്നാ കേറ്ററിംഗിന് കരാർ അടിസ്ഥാനത്തിൽ ഭക്ഷണം കൊടുത്തപ്പോൾ 3,15,000/- രൂപ ആയിരുന്നു. ഭക്ഷണ കൂപ്പൺ 21203 ആയി. അതിനാൽ 2005ൽ സഭയുടെ ചുമതലയിൽ നേരിട്ട് ഭക്ഷണം തയ്യാറാക്കിയാൽ 50,000 രൂപ ലാഭിക്കാമെന്ന് തീരുമാനിച്ചപ്രകാരമാണ് കൺവീനറെ ചുമതലപ്പെടുത്തിയത്.

ഭക്ഷണത്തിന് വാങ്ങുന്ന സാധനത്തിന്റെ ബിൽ അപ്പപ്പോൾ ഓഫീസിൽ ഹാജരാക്കി രൂപ വാങ്ങിക്കൊള്ളണമെന്നും ഭക്ഷണകൂപ്പൺ അതാതു നേരത്തെ ഭക്ഷണാനന്തരം ഓഫീസിൽ ഏൽപ്പിക്കണമെന്നും ഒന്നിടവിട്ടദിവസങ്ങളിൽ ഇറച്ചിയോ, മീനോ ഉണ്ടായിരിക്കണമെന്നും പ്രത്യേകം നിർദ്ദേശങ്ങൾ നൽകിയിരുന്നു. ഇതൊന്നും പരിഗണിക്കാതെ പാസ്റ്റർ കെ.പി.കുര്യൻ ഏകാധിപതിയായി പ്രവർത്തിച്ചു. പല ദിവസങ്ങളിലും പണം വാങ്ങിക്കൊണ്ടുപോകാൻ ചുമതലക്കാർ അറിയിച്ചുവെങ്കിലും ചെക്ക് മതിയെന്ന് പറഞ്ഞ് വാങ്ങുവാൻ വന്നിട്ടില്ല. എന്നാൽ ഇതിനിടയ്ക്ക് നിർബന്ധിച്ച് കുറച്ച് രൂപ കൊടുക്കുകയും ചെയ്തു.

ഭക്ഷണചെലവിന് തുക ആവശ്യപ്പെട്ടുകൊണ്ട് ചില സഹോദരന്മാരെ സമീപിച്ചതിനാൽ ഒരു ലക്ഷത്തി പതിനായിരം രൂപ അവരോട് വാങ്ങിച്ചിട്ടുണ്ട്. ആരെങ്കിലും തരുന്ന പണം ഓഫീസിൽ ഏല്പ്പിച്ച് രസീതു വാങ്ങേണ്ടതിനു പകരം നേരിട്ട് വാങ്ങി അഴിമതി കാണിച്ചു. അങ്ങനെ എത്ര രൂപ വാങ്ങിച്ചുവെന്ന് അനുമാനിക്കുകയല്ലാതെ തെളിവില്ല.

കൺവെൻഷൻ അവസാനിച്ച ദിവസം 3.05 പി.എം.ന് ആളൊഴിഞ്ഞ സമയം നോക്കി പണം ആവശ്യപ്പെട്ടുകൊണ്ട് ഓഫീസിൽ വന്നു. 3 പി.എം.ന് ജനറൽ പ്രസിഡന്റിനോട് പറഞ്ഞിട്ട് വീട്ടിലോട്ട് പോന്നു. അപ്പോൾ കൈവശമുണ്ടായിരുന്ന ഒരു ലക്ഷത്തി മുപ്പതിനായിരം രൂപാ ഓഫീസിൽ ഏൽപ്പിച്ചിട്ടാണ് ഞാൻ പോന്നത്. എന്നെ

(പേജ് 3 ..........)

# മത്തായിപ്രശ്നം രൂക്ഷമാകും

ചർച്ച് ഓഫ് ഗോഡിന്റെ ഓവർസിയറായി ബോംബെയിൽ കഴിയുന്ന പാസ്റ്റർ എ.മത്തായിയുടെ കുടുംബാംഗങ്ങളുടെ അവിഹിത ബന്ധങ്ങൾ വിവാദമാകുന്നു. ഈ വിഷയവുമായി ബന്ധപ്പെട്ട് ഡിഫെൻഡർ അയച്ച കത്തിന് തൃപ്തികരമായ ഒരു മറുപടി നൽകാൻ എ.മത്തായിക്ക് കഴിഞ്ഞിട്ടുമില്ല.

മത്തായിയുടെ കുടുംബത്തിൽ മെഫീബോശെത്ത് ഡി.എൻ.എ. എങ്ങനെ വന്നു എന്നതാണ് ഒരു പ്രശ്നം. (സംഗതി മനസ്സിലാകാത്തവർ ക്ഷമിക്കുക, ഇപ്പോൾ ഇങ്ങനെയൊക്കെ മാത്രമേ പറയാൻ പറ്റൂ. പ്രശ്നത്തിന് ഉചിതമായ പരിഹാരം ഉണ്ടായില്ലെങ്കിൽ എല്ലാം വിശദമായി, മനസ്സിലാകുന്ന ഭാഷയിൽ പറയാം). ഇത്തരത്തിലുള്ള ഒന്നും ഇല്ലെന്ന് മത്തായി ആണയിടുന്നുണ്ടെങ്കിലും അത് സത്യമല്ലെന്ന് ഏവർക്കും അറിയാം. സത്യം തുറന്നു പറയുകയും കുറ്റവാളികൾ ശിക്ഷിക്കപ്പെടുകയും ചെയ്യുന്നതു വരെ പ്രശ്നം സജീവമായി നിലനിൽക്കുകതന്നെ ചെയ്യും.

മത്തായിയുടെ മക്കളിൽ ഒരാൾ പിമ്പിരി (പൂന) സഭയിൽ ചെന്ന് നടത്തിയ ദുർന്നടപ്പാണ് മറ്റൊരു പ്രശ്നം. ഏതെങ്കിലും സാധാരണ വിശ്വാസിയാണ് ഇതു ചെയ്തിരുന്നതെങ്കിൽ സഭയിൽ നിന്നും പുറത്താക്കുമായിരുന്നു. പക്ഷേ, കുറ്റം ചെയ്തത് മത്തായിയുടെ മകനായതുകൊണ്ട് ഒരു നടപടിയും ഉണ്ടായില്ല. മാത്രമല്ല, ഈ ദുർന്നടപടിക്കെതിരെ പ്രതികരിച്ചവരെ സഭയിൽ നിന്നും പുറത്താക്കുകയും ചെയ്തു. ഈ വിഷയത്തേക്കുറിച്ചും തൃപ്തികരമായ ഒരു വിശദീകരണം നൽകാൻ മത്തായിക്ക് കഴിഞ്ഞിട്ടില്ല.

നേതാക്കൻമാർക്കും അവരുടെ കുടുംബാംഗങ്ങൾക്കും എന്തും ആകാം എന്നതാണ് പെന്തക്കോസ്തിലെ സ്ഥിതി. ഇത്തരക്കാരുടെ ദുർന്നടപടിക്കെതിരെ പ്രതികരിക്കുന്നവൻ സഭയിൽ നിന്നും പുറത്താകും. ഈ സ്ഥിതിക്ക് ഒരു അന്ത്യം വന്നേ മതിയാകൂ.

ഓവർസിയർ മാത്രമല്ല ഓവർസിയറുടെ ഭാര്യയും മക്കളും മാതൃകാജീവിതം നയിക്കുന്നവരായിരിക്കണമെന്ന് ദൈവവചനം പറയുന്നു. (1തിമോ.3:1-7). ഈ വചനമനുസരിച്ച് പാസ്റ്റർ എ.മത്തായിക്ക് ഓവർസിയറോ സഭാശുശ്രൂഷകനോ ആയിരിക്കാനുള്ള യോഗ്യതയില്ല. അതുകൊണ്ട് എ. മത്തായി ഉടൻ രാജിവെയ്ക്കണം. മത്തായി രാജിവെച്ചാൽ ഈ വിഷയത്തേക്കുറിച്ച് ഡിഫെൻഡർ ഇനിയും എഴുതുകയില്ല. എന്നാൽ മത്തായി രാജി വെക്കാൻ തയ്യാറാകുന്നില്ലെങ്കിൽ ഡിഫെൻഡർ ഈ പ്രശ്നത്തിന്റെ വിശദാംശങ്ങൾ തുടർന്നു വരുന്ന ലക്കങ്ങളിൽ വെളിപ്പെടുത്തുന്നതാണ്.

## വീട്ടിലൊരു ബൈബിൾ സ്ക്കൂൾ: മൂന്നാം സി.ഡി. തയ്യാറാകുന്നു

വീട്ടിൽ ഒരു ബൈബിൾ സ്ക്കൂൾ എന്ന പേരിൽ റ്റി.എസ്. ബാലൻ തയ്യാറാക്കിവരുന്ന 10 സി.ഡി.കളിൽ മൂന്നാമത്തേത് തയ്യാറായി വരുന്നു. ഈ മാസം അവസാനത്തോടെ സി.ഡി. പുറത്തിറങ്ങും. ആത്മലോകവുമായി ബന്ധപ്പെട്ട വിഷയങ്ങളാണ് ഈ സി.ഡിൽ ഉള്ളത്. പരിശുദ്ധാത്മശാസ്ത്രം, ദുരാത്മശാസ്ത്രം തുടങ്ങിയവയുമായി ബന്ധപ്പെട്ട പ്രധാന വിഷയങ്ങളെല്ലാം ഈ സി.ഡിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

പണം അടച്ചവർക്ക് രണ്ടാമത്തെ സി.ഡി. അയച്ചുകഴിഞ്ഞു. കൾട്ടുകളേക്കുറിച്ചുള്ള പഠനങ്ങളാണ് രണ്ടാമത്തെ സി.ഡിയുടെ ഉള്ളടക്കം. ആദ്യ സി.ഡി. ജൂലൈ 10ന് പുറത്തിറങ്ങി.

ഏതെങ്കിലും ഒരു സി.ഡി. ആവശ്യമുള്ളവർ 100 രൂപ മണിയോഡർ അയച്ചാൽ മതിയാകും. ആദ്യത്തെ രണ്ടു സി.ഡികൾക്ക് 200 രൂപ അയയ്ക്കുക. പത്തു സി.ഡികൾ അടങ്ങിയ ഒരു സെറ്റിന് 1000 രൂപയാണ് വില. ഇപ്പോൾ പണം അടയ്ക്കുന്നവർ 750 രൂപ നൽകിയാൽ മതിയാകും. (വിശദ വിവരങ്ങൾ 8-ാം പേജിൽ). വിദേശത്തുള്ളവർ ദയവായി ഇന്ത്യയിലുള്ള ഒരു വിലാസവും ഫോൺ നമ്പറും അറിയിക്കുക. (വിദേശത്തേക്ക് സി.ഡി. അയയ്ക്കുന്നത് വലിയ പണച്ചെലവുള്ള കാര്യമാണ്).

മണിയോഡർ കൂപ്പണിൽ പൂർണ്ണമായ വിലാസവും ഫോൺ നമ്പറും ഉണ്ടായിരിക്കണം. സി.ഡി. കുരിയർ സർവ്വീസ് വഴിയാണ് അയയ്ക്കുന്നത്. അതുകൊണ്ട് ഏറ്റവും അടുത്തുള്ള കുരിയർ സർവ്വീസിന്റെ പേരും അറിയിക്കുക.

കൂടുതൽ വിവരങ്ങൾക്ക്: ഫോൺ - 94474 14608

വിലാസം:

**റ്റി.എസ്.ബാലൻ,**
**ആനന്ദ് ഭവൻ, കെ.എസ്.ആർ.റ്റി.സിക്ക് സമീപം,**
**പെരുമ്പാവൂർ പി.ഒ., എറണാകുളം. പിൻ. 683 542**

ദി ഡിഫെൻഡർ
Vol. No.8 Issue No. 18 2005 September 16

# പാർലമെന്ററി മോഹം തലയ്ക്കു പിടിച്ചാൽ

ജനാധിപത്യരാഷ്ട്രമായ ഇന്ത്യയിൽ രാഷ്ട്രീയ പാർട്ടികൾ അധികാരം പിടിച്ചടക്കാനായി വിവിധ തന്ത്രങ്ങൾ സ്വീകരിക്കാറുണ്ട്. ജനാധിപത്യത്തിന്റെ ഭാഗമെന്ന നിലയിൽ ഇതൊക്കെ, ഒരു അതിരുവരെയെങ്കിലും, ആവശ്യവുമാണെന്നു പറയാം. പക്ഷേ, സി.പി.ഐ.(എം.)ന്റെ മലക്കം മറിച്ചിൽ തികച്ചും അപ്രതീക്ഷിതമായിരുന്നു. ഇത്രത്തോളം അധ:പതനം ഈ പാർട്ടിക്ക് ഉണ്ടാകുമെന്ന് ആരും പ്രതീക്ഷിച്ചിരുന്നില്ല.

രാജൻ കേസ്സിൽ കോൺഗ്രസ്സിന്റെ വക്താവെന്ന നിലയിലുള്ള തെറ്റു മാത്രമേ കെ.കരുണാകരൻ ചെയ്തിട്ടുള്ളൂ എങ്കിൽ അത് സി.പി.എം.ന് മൂന്നു പതിറ്റാണ്ടു മുൻപുതന്നെ പറയാമായിരുന്നു. 1980ൽ രാജൻ കേസ്സിന്റെ പിൻബലത്തിലാണ് ഇടതുപക്ഷം അധികാരം പിടിച്ചെടുത്തത്. അന്ന് കോൺഗ്രസ്സിനെ മാത്രമല്ല കരുണാകരൻ എന്ന വ്യക്തിയേ ക്കൂടിയാണ് സി.പി.എം. എതിർത്തത്. കരുണാകരൻ എന്ന വ്യക്തിക്ക് ഈ കേസ്സിലുള്ള പങ്ക് അർത്ഥശങ്കയ്ക്ക് ഇടയില്ലാത്ത വിധത്തിൽ സി.പി.എം. വ്യക്തമാക്കിയിട്ടുള്ളതുമാണ്. പക്ഷേ, അധികാരക്കൊതി മൂത്തപ്പോൾ അതെല്ലാം മറന്നിരിക്കുന്നു. പാർലമെന്ററി മോഹം തലയ്ക്കു പിടിച്ച് കമ്യൂണിസ്റ്റുകാർ ഇത്ര അധ:പതിക്കുമെന്ന് കരുതിയിരുന്നില്ല.

പാമോയിൽ പ്രശ്നത്തിൽ കരുണാകരൻ കുറ്റം ചെയ്തു എന്ന് സി.പി.എം. കരുതുന്നുണ്ടോ? ഇല്ലെങ്കിൽ കരുണാകരനെതിരെ എന്തിന് കേസ്സ് കൊടുത്തു? പാർട്ടിയുടെ വക്താവെന്ന നിലയിലാണ് ഈ പ്രശ്നത്തിലും കരുണാകരൻ കുറ്റം ചെയ്തതെന്ന് വ്യാഖ്യാനിച്ചുകളയുമോ ആവോ.

അടിയന്തിരാവസ്ഥ പ്രഖ്യാപിച്ചത് ഇന്ദിരാഗാന്ധിയാണ്. അതേ ഇന്ദിരാഗാന്ധിയുടെ പേര് വഹിക്കുന്ന പാർട്ടിയാണ് കരുണാകരന്റെ പാർട്ടി. ഇന്ദിരാഗാന്ധിയുടെ നിലപാടുകൾ പൂർണ്ണമായി അംഗീകരിക്കയും ചെയ്യുന്നു. അത്തരത്തിലുള്ള ഒരു പാർട്ടിയുമായി ബന്ധം കൂടുകയും കോൺഗ്രസ്സിനെ പഴിക്കയും ചെയ്യുന്നതിന്റെ യുക്തി പിടികിട്ടുന്നില്ല.

രാജൻ കേസ്സ് ഇനി ചർച്ച ചെയ്യേണ്ടതില്ല എന്ന് പിണറായി വിജയൻ പറയുന്നു. അഴീക്കോടൻ രാഘവന്റെ വധം ചർച്ച ചെയ്യാമോ എന്തോ. കരുണാകരന്റെ പേരു പറഞ്ഞ് പണ്ട് വിളിച്ചിരുന്ന മുദ്രാവാക്യങ്ങൾ മനസ്സിലെങ്കിലും പറയാൻ അണികൾക്ക് അനുവാദം കൊടുക്കണം.

ചർച്ച തുടങ്ങാൻ സി.പി.എം. പറയുമ്പോൾ ജനം ചർച്ച തുടങ്ങണം. ചർച്ച മതിയാക്കാൻ പറഞ്ഞാൽ ഉടൻ മതിയാക്കിക്കൊള്ളണം. ഇതെന്താ വെള്ളരിക്കാപ്പട്ടണമാണോ? സി.പി.എം. കൊട്ടുന്ന താളത്തിനൊത്ത് തുള്ളുന്ന പാവകളാണ് ജനങ്ങൾ എന്ന് കരുതുന്നെങ്കിൽ തെറ്റി. കേരളത്തിലെ ജനങ്ങൾ അത്ര വിഡ്ഢികളല്ല.

## ഡിഫെൻഡർ നഷ്ടപ്പെടുന്നു?

ഡിഫെൻഡർ എല്ലാ മാസവും ഒന്നാം തീയതിയും പതിനാറാം തീയതിയും ആലുവ ആർ.എം.എസ്സിൽ ജില്ല തിരിച്ച് കെട്ടുകളാക്കി കൊടുക്കയാണ് ചെയ്യുന്നത്. കെട്ടുപോലും അഴിക്കാതെ അവർ അത് അയക്കയും ചെയ്യുന്നു. പത്രം നഷ്ടപ്പെടുന്നത് മറ്റെവിടെയോ ആണ്. നിങ്ങളുടെ പോസ്റ്റ് ഓഫീസിൽ അന്വേഷിച്ച് പരാതി നൽകിയാൽ പത്രം നഷ്ടപ്പെടുന്നത് ഒഴിവാക്കാം.

## വാർഷിക വരിസംഖ്യ

ഇന്ത്യയിൽ: 100 രൂപ
ഗൾഫ് രാജ്യങ്ങൾ: 800 രൂപ
അമേരിക്ക: 30 ഡോളർ

വിലാസം:
റ്റി.എസ്.ബാലൻ, ദി ഡിഫെൻഡർ,
കെ.എസ്.ആർ.റ്റി.സിക്ക് സമീപം,
പെരുമ്പാവൂർ പി.ഒ., പിൻ - 683542.

# സത്യം സത്യമായി

ഓന്തും രാഷ്ട്രീയക്കാരും തമ്മിൽ ഒരു കാര്യത്തിൽ സാമ്യമുണ്ട് – നിറം മാറുന്ന കാര്യത്തിൽ. സാഹചര്യത്തിന് അനുസരിച്ച് അവർ നിറം മാറും. അതിന്റെ ഏറ്റവും പുതിയ ഉദാഹരണമാണ് സി.പി.ഐ.(എം.). അടുത്ത കാലം വരെ കേരളത്തിലെ ഏറ്റവും വലിയ മഹാപാപി ആരെന്നു ചോദിച്ചാൽ കെ.കരുണാകരൻ എന്ന് സി.പി.എം. പറയുമായിരുന്നു. പക്ഷേ ഇപ്പോൾ അതല്ല സ്ഥിതി. കരുണാകരൻ ചെയ്തതിനൊന്നും കരുണാകരൻ ഉത്തരവാദിയല്ല എന്ന് സി.പി.എം. കണ്ടുപിടിച്ചിരിക്കുന്നു. പിന്നെ ആരാണ് ഉത്തരവാദി? കോൺഗ്രസ്സ്. കരുണാകരൻ ചെയ്തതൊക്കെ കോൺഗ്രസ്സിന്റെ വക്താവെന്ന നിലയ്ക്കാണത്രേ ചെയ്തത്. അതുകൊണ്ട് കോൺഗ്രസ്സാണ് എല്ലാത്തിനും ഉത്തരവാദി. എപ്പടി? പക്ഷേ, ഈ പ്രസ്താവന പുലിവാലായപ്പോൾ പിണറായി വീണ്ടും തിരുത്തി. അങ്ങനെ, അത്ര ചക്കീമല്ല, അത്ര കണ്ടനുമല്ല എന്ന നിലയിലായി.

ടി.എം.ജേക്കബ് കടുത്ത അഴിമതിക്കാരനാണെന്ന് സി.പി.എം. പറഞ്ഞിരുന്നു. ഇപ്പോൾ ടി.എം.ജേക്കബും വിശുദ്ധനാണ്. എങ്ങനെയാണ് അദ്ദേഹം വിശുദ്ധനായത്? ഉത്തരം ലളിതം: ഇപ്പോൾ അദ്ദേഹം ഇടതുപക്ഷത്താണ്. അതുകൊണ്ട് അദ്ദേഹം ചെയ്തതിനൊന്നും അദ്ദേഹം ഉത്തരവാദിയല്ല. പാർട്ടിയുടെ വക്താവെന്ന നിലയിലാണ് ജേക്കബ് ഇതൊക്കെ ചെയ്തത്. അതുകൊണ്ട് അദ്ദേഹത്തിന്റെ പാർട്ടിയാണ് സകലത്തിനും ഉത്തരവാദി. ഇപ്പോൾ ആ പാർട്ടി നിലവിലില്ല. അതുകൊണ്ട് അഴിമതി ശൂന്യതയിൽ വിലയം പ്രാപിച്ചു. ഉഗ്രൻ തത്ത്വശാസ്ത്രം.

ബാലകൃഷ്ണപിള്ളയേയും ഈ വിധത്തിൽ വിശുദ്ധനായി പ്രഖ്യാപിക്കാമായിരുന്നു. പിള്ള ചെയ്തതൊക്കെ പിള്ളയുടെ പാർട്ടിയുടെ വക്താവെന്ന നിലയിലാണ്. അതുകൊണ്ട് പിള്ള തികച്ചും വിശുദ്ധൻ. ഇവരൊക്കെ എന്നെങ്കിലും മറുപക്ഷത്തേക്ക് തിരിച്ചു പോയാലോ? സംശയം വേണ്ട, ഉടൻ അവർ അശുദ്ധരാകും. അവസരാധിഷ്ഠിത ഭൗതിക വാദം എന്ന് ഇതിനെ വിളിക്കാം.

ഇടതുപക്ഷത്തിന് ലീഡറുടെ പാർട്ടിയുമായി സഖ്യമോ സഹവാസമോ ഇല്ല. പിന്നെ എന്താണുള്ളത്? വെറും ധാരണ മാത്രം. എന്തു ധാരണ? യു.ഡി.എഫിനെ തോല്പിച്ചേ അടങ്ങൂ എന്ന ധാരണ. അതിന് ഇത്ര പാടുപെടേണ്ടതുണ്ടോ? പുറത്തുള്ള ആരുടേയും സഹായം കൂടാതെ അത് സാധിക്കുമായിരുന്നില്ലേ? തീർച്ചയായും സാധിക്കുമായിരുന്നു. അത് ഇടതുപക്ഷത്തിനൊഴികെ എല്ലാവർക്കും അറിവുള്ള കാര്യവുമായിരുന്നു. പക്ഷേ, ഇടതുപക്ഷത്തിന് ഈ സത്യം മനസ്സിലാക്കാൻ കഴിഞ്ഞില്ല. ഫലം? കുറെയേറെ നിഷ്പക്ഷ വോട്ടുകൾ യു.ഡി.എഫിന് ലഭിക്കും. ഈച്ചരവാര്യർ പറഞ്ഞതും അഴീക്കോടന്റെ വിധവ പറഞ്ഞതും ഒക്കെ ചിലരെങ്കിലും ശ്രദ്ധിച്ചിരിക്കുമെന്നതിന് സംശയമില്ല.

പോന മച്ചാൻ തിരുമ്പി വന്താച്ച് എന്ന് തമിഴിൽ ഒരു ചൊല്ലുണ്ട്. ബാലകൃഷ്ണപിള്ളയുടെ വരവ് കണ്ടാൽ ആരും ഈ പഴഞ്ചൊല്ല് ഓർത്തുപോകും. ഇവിടെനിന്ന് പോയപ്പോൾ എന്തൊരു ഗമയായിരുന്നു. ഇപ്പോൾ അതെല്ലാം പോയി. പാത്, പതുങ്ങി പിൻവാതിലിലൂടെ യു.ഡി.എഫിലേക്ക് കയറുകയാണ്. തല മുകളിൽ മുട്ടുമെന്ന ഭയംമൂലം അല്പം കുനിഞ്ഞാണ് കയറുന്നത്. ഇതിന്റെ ആവശ്യമുണ്ടായിരുന്നോ പിള്ളേ എന്ന് ആരും മൂക്കത്ത് വിരൽ വെച്ച് ചോദിച്ചുപോകും.

വലതുപക്ഷവും ഇടതുപക്ഷവും പരസ്പരം ബി.ജെ.പി. ബന്ധം ആരോപിക്കയാണ്. ആരുമായും കൂട്ടുകൂടുമെന്ന് ബി.ജെ.പി. പറഞ്ഞിട്ടുമുണ്ട്. സ്ഥാനാർത്ഥികളുടെ ലിസ്റ്റ് പരിശോധിച്ചാൽ ബി.ജെ.പി. ബന്ധം കാണാനുമുണ്ട്. ഇതൊക്കെ ഉന്നതരുടെ അറിവോടെയാണോ അതോ പ്രാദേശിക ഒത്തുതീർപ്പാണോ എന്നേ ഇനി അറിയാനുള്ളൂ. ഇതേപ്പറ്റി ബി.ജെ.പി. അവസാന വാക്ക് പറഞ്ഞിട്ടുമില്ല. അതുകൊണ്ട് സത്യം എന്തെന്ന് വ്യക്തമല്ല.

വാസ്തുവിന്റെ ശക്തി ചോർന്നെന്നു തോന്നുന്നു. ഏതാനും മാസം മുൻപ് ബി.ജെ.പി.യിൽ പ്രശ്നങ്ങൾ ഉണ്ടായപ്പോൾ വാസ്തുവിന്റെ സഹായത്താലാണ് അതു പരിഹരിച്ചത്. പക്ഷേ പ്രശ്നത്തെ ഏറെക്കാലം പിടിച്ചു നിർത്താൻ വാസ്തുവിന് കഴിഞ്ഞില്ല. അതുകൊണ്ട് ബി.ജെ.പി. ഇപ്പോൾ കടുത്ത പ്രതിസന്ധിയിലാണ്. വാസ്തുവിനേക്കാൾ ശക്തിയുള്ള ആരെയെങ്കിലും കണ്ടെത്തുകയാണ് ബുദ്ധി.

മണ്ണും ചാരി നിന്നവൻ പെണ്ണും കൊണ്ട് പോയി എന്നു പറഞ്ഞതുപോലെയാണ് എൽ.ഡി.എഫിലെ സ്ഥിതി. ഇക്കാലമത്രയും എൽ.ഡി.എഫിൽ ഉറച്ചു നിന്നിരുന്ന പാർട്ടികളെ തഴഞ്ഞു കൊണ്ട് ലീഡർജിയുടെ പാർട്ടിക്ക് സീറ്റുകൾ കൊടുത്തിരിക്കുന്നു. കോൺഗ്രസ്സ് (എസ്സ്.) ആണ് ഏറ്റവും കഷ്ടത്തിലായത്. (കോൺഗ്രസ്സ് (എസ്സ്.)നെ കാണാൻ ഭൂതക്കണ്ണാടി വെച്ചു നോക്കണം എന്നത് വേറെ കാര്യം). യു.ഡി.എഫിനെ അഭയം ചൊല്ലുക മാത്രമാണ് ഇനി പോംവഴി.

കഴിഞ്ഞയാഴ്ച കേരളത്തിൽ കേട്ട ഏറ്റവും വൃത്തികെട്ട ശബ്ദം ഏതായിരുന്നു? ഇടതുപക്ഷം വലിച്ചെറിഞ്ഞ ഉച്ഛിഷ്ടം അമൃതുപോലെ വടിച്ചു നക്കിയിട്ട് ലീഡറും കൂട്ടരും വിട്ട ഏമ്പക്കത്തിന്റെ ശബ്ദം.

ശതാബ്ദിക്കാർ ഊണും ഉറക്കവും ഉപേക്ഷിച്ച് ഓടിനടക്കുകയാണ്. നായ്ക്ക് ഇരിക്കാൻ നേരവുമില്ല, നായ് നടന്നാൽ ഫലവുമില്ല എന്നതാണ് സ്ഥിതി. പെന്തക്കോസ്ത് ശതാബ്ദിയെന്ന് പറഞ്ഞുപോയി. ഇനി മാറ്റി പറയാൻ പറ്റില്ല. കറുത്ത സായിപ്പും വെളുത്ത സായിപ്പും പ്രധാന മന്ത്രിയും മുഖ്യമന്ത്രിയും ഒക്കെ വരുമെന്നു പറഞ്ഞു. അതുകൊണ്ട് അവരെ കൊണ്ടുവന്നേ പറ്റൂ. 10 ലക്ഷം ആളുകൾ പങ്കെടുക്കുമെന്നു പറഞ്ഞു. അതുകൊണ്ട് അൻപതിനായിരമെങ്കിലും വന്നില്ലെങ്കിൽ നാണക്കേടാകും. അങ്ങനെ പ്രശ്നങ്ങൾ പലവിധം.

പെന്തക്കോസ്തിൽ വിഡ്ഢികൾക്ക് പഞ്ഞമില്ലാത്തതു കൊണ്ട് പണത്തിനും പഞ്ഞം വരില്ല. പക്ഷേ, പണം മാത്രം പോരല്ലോ. പെന്തക്കോസ്തിലെ പ്രമുഖ നേതാക്കളാരും പിൻതുണയുമായി രംഗത്തു വന്നിട്ടില്ല. അവസാനം ഈ നേതാക്കൻമാർ കാലു വാരുമോ എന്ന ഭയവുമുണ്ട്. വിവിധ കാരണങ്ങളാൽ ശതാബ്ദിയെ എതിർക്കുന്നവരുണ്ട്. എന്തെങ്കിലും കിട്ടാഞ്ഞ് നോക്കിയിരിക്കയാണ് അവർ. അതുകൊണ്ട് ഓരോ ചുവടും സൂക്ഷിച്ച് വെയ്ക്കണം. കാലു വെന്ത നായേപ്പോലെ ഓടിനടക്കാൻ ഇതിൽപ്പരം എന്തു കാരണമാണ് വേണ്ടത്?

എല്ലാവിധ അച്ചടി ജോലികൾക്കും സമീപിക്കുക

പുസ്തകങ്ങൾ, ലഘുലേഖകൾ, ബ്രോഷറുകൾ തുടങ്ങിയവയുടെ ഡി.റ്റി.പി.,
എഡിറ്റിംഗ്, പ്രിന്റിംഗ് തുടങ്ങിയ എല്ലാ ജോലികളും ചെയ്യുന്നതാണ്.
ആത്മീയ ഗ്രന്ഥങ്ങൾക്ക് പ്രത്യേക പരിഗണന.

പെരുമ്പാവൂർ പ്രിന്റേഴ്സ്
ബസ്റ്റ് കോംപ്ലക്സ്
കെ.എസ്.ആർ.ടി.സിക്ക് സമീപം
പെരുമ്പാവൂർ. ഫോൺ : 0484-3950734, 9447414608

# കെ.പി. കുര്യൻ

(.........പേജ് -1)

അവിടെ കാണാഞ്ഞിട്ട് ഓഫീസ് കതക് തള്ളിത്തുറന്നും വലിച്ചടച്ചും ഭീകരാവസ്ഥ സൃഷ്ടിച്ചു. സ്റ്റാഫ് ഓഫീസിലുണ്ടായിരുന്നു. രൂപ വാങ്ങിക്കൊണ്ടുപോകാൻ ഓഫീസിൽ നിന്ന് പറഞ്ഞുവെങ്കിലും വാങ്ങാതെ പോയി. ചില ദിവസങ്ങൾക്ക് ശേഷം ബില്ല് ഒന്നുമില്ലാതെ ഒരു കണക്കുമായി ഓഫീസിൽ വന്നു. ഈ തുകയ്ക്ക് ചെക്ക് എഴുതി ക്കൊടുക്കണമെന്ന് പറഞ്ഞ് ബഹളമുണ്ടാക്കി. മേശമേൽ അടിച്ച് ഭീകര ശബ്ദം ഉണ്ടാക്കി. ഈ തുക കൊടുക്കാതെ ഇറക്കിവിടുകയില്ലാ എന്നും പറഞ്ഞ് എന്നെ ബന്ധിയാക്കി.

ബഹളം കേട്ട് പരിസരത്തുനിന്നും ആളുകൾ ഓടിക്കൂടി. സഹൃദയർ സമാധാനം പറഞ്ഞു ബഹളം ശമിപ്പിച്ചു. അപ്പോൾ അവിടെയുണ്ടായിരുന്ന ഒരു ലക്ഷം രൂപ വാങ്ങിക്കൊണ്ടുപോയി. കണക്കനുസരിച്ച് 3,60,000 രൂപ ആകെ പറ്റിയിട്ടുണ്ട്. (നേരിട്ട് പിരിച്ച 1,10,000 ഉൾപ്പടെ). ചില ആഴ്ചകൾക്ക് ശേഷം കൺവെൻഷൻ കമ്മിറ്റി കൂടി. എല്ലാ കൺവീനർമാരും റിപ്പോർട്ടും ബില്ലും സമർപ്പിച്ചു. ഭക്ഷണ കമ്മിറ്റി ബിൽ നൽകാതിരുന്നതിൽ തീരുമാനമായില്ല. രണ്ട് മാസം കഴിഞ്ഞ് മാർച്ച് മാസത്തെ കുറെ ബിൽ തീയതിയില്ലാതെയും ഒപ്പില്ലാതേയും കൊണ്ടുവന്നത് അംഗീകരിക്കത്തക്കതല്ലായിരുന്നു. അടുത്ത ദിവസം ബില്ലുകൾ ജനറൽ പ്രസിഡന്റുവശം ഞാൻ ഏല്പിച്ചു. അദ്ദേഹം യു.എസ്.എയിലേക്ക് പോകുന്നതിനു മുമ്പ് ബില്ലുകൾ എന്നെ തിരിച്ചേൽപ്പിച്ചിട്ടുണ്ട്.........

10. 06-05-05ൽ രാത്രി 10.10 ന് എന്നെ പാസ്റ്റർ കെ.പി. കുര്യൻ ഫോണിൽ വിളിച്ച് ചീത്തപറയുകയും ഭീഷണിപ്പെടുത്തുകയും എന്റെ തന്തയോട് പണം വാങ്ങിക്കുമെന്നും തട്ടിക്കളയുമെന്നും പറഞ്ഞ് മാനസീകമായി എന്നെ പീഡിപ്പിച്ചു. അതിനാൽ എന്റെ ജീവനും സ്വത്തിനും സംരക്ഷണം നൽകണമെന്ന് അപേക്ഷിച്ച് 09-05-05 ൽ ഡി.വൈ.എസ്.പി സമക്ഷം പരാതി കൊടുത്തതിന്റെ ഫലമായി 12.05.05ൽ വാദിയായ എന്നെയും പ്രതിയായ പാസ്റ്റർ കെ.പി. കുര്യനേയും ഓഫീസിൽ വിളിപ്പിച്ച് വിവരം ചോദിക്കുകയും മേലാൽ ഇപ്രകാരം ഭീക്ഷണി ഉണ്ടാകരുതെന്ന് താക്കീത് നൽകി ഇരുവരേയും കൊണ്ട് ഒപ്പ് വയ്ക്കുകയും ചെയ്തിട്ടുള്ളതാകുന്നു. ഇതിനുശേഷമാണ് 06.06.05 മേൽപ്പറഞ്ഞ സംഭവം കുമ്പനാട് ഹെബ്രോനിൽ വച്ച് നടന്നത്."

കെ.പി.കുര്യനെതിരെ നടപടി ആവശ്യപ്പെടാൻ ഇടയാക്കിയ സംഭവം ഇതാണ്.

---

**THE INDIA PENTECOSTAL CHURCH OF GOD**

THE INDIA PENTECOSTAL CHURCH OF GOD — KUMBANAD, KERALA

(The Largest, Indigenous, Pentecostal Movement in India)
Established in 1924
Registered in 1935 Under Society Act XXI of 1860. Reg. No. 9/1935-36

Hebron, Kumbanad, Kerala - 689 547, India. Phone: Off. 0473 - 663916 Fax: 0473 - 668108

*President*
Pastor T. S. ABRAHAM
Hebron, Kumbanad
Kerala - 689 547
Phone: 0473-664355

*Vice - President*
Pastor D. JOHN SUNDAR RAO
Zion Gospel Hall
Hyderguda, Hyderabad
A. P. 500 029
Phone: 040-3296306

*General Secretary*
Pastor K. M. JOSEPH
P.O. Box 28
Perumbavoor, Kerala
Phone: 0484-522684

*Treasurer*
Bro. JOSEPH THANNICKAL
Othera East P. O.,
Tiruvalla, Kerala
Phone: 0473-656429

31-08-2005

To
IPC Kerala State Council/Presbytery.

കർത്താവിൽ പ്രിയ സഹോദരന്മാർക്ക്,

തിരുനാമത്തിൽ വന്ദനം.

06-06-2005-ൽ ഐ.പി.സി. ജനറൽ കൗൺസിലിന്റെ ഒരു അടിയന്തിര യോഗം നടന്നുകൊണ്ടിരിക്കുമ്പോൾ, കേരളസ്റ്റേയിറ്റ് കൗൺസിൽ/പ്രസ്ബിറ്ററി അംഗവും കേരളസ്റ്റേയ്റ്റ് കൗൺസിലിന്റെ കീഴിലുള്ള തിരുവല്ലാ ആമല്ലൂർ ലോക്കൽ സഭയുടെ ശുശ്രൂഷകനുമായ പാസ്റ്റർ കെ. പി. കുര്യൻ, ജനറൽ കൗൺസിൽ യോഗത്തിൽ അനധികൃതമായി പ്രവേശിക്കുകയും അപമര്യാദയായി പല കാര്യങ്ങൾ സംസാരിക്കുകയും, കസേര എടുത്തിട്ട് ജനറൽ കൗൺസിൽ ഔദ്യോഗിക ഭാരവാഹികൾക്കൊപ്പം പ്ലാറ്റ്ഫോമിൽ ഇരിക്കുകയും, യോഗനടപടികളുടെ റിപ്പോർട്ട് എഴുതികൊണ്ടിരുന്ന ബുക്ക് ജോയിന്റ് സെക്രട്ടറിയുടെ പക്കൽനിന്ന് ബലാൽക്കാരമായി പിടിച്ച് വാങ്ങുകയും, ജനറൽ ട്രഷറാറെ കൈയ്യേറ്റം ചെയ്യുവാൻ ശ്രമിക്കുകയും അങ്ങനെ ഭയാനകമായ അന്തരീക്ഷം സൃഷ്ടിക്കുകയും ചെയ്തു.

ആകയാൽ കേരളകൗൺസിലിന്റെ ചുമതലയിലുള്ള ഒരു ലോക്കൽ സഭാശുശ്രൂഷകനും, സ്റ്റേയിറ്റ് കൗൺസിൽ/പ്രസ്ബിറ്ററി അംഗവും ആയ പാസ്റ്റർ കെ. പി. കുര്യൻ ചെയ്ത ഹീനകൃത്യത്തിൽ, ഇന്നേ ദിവസം കൂടിയ ഐ.പി.സി. ജനറൽ കൗൺസിൽ ഏകകണ്ഠമായി പ്രതിഷേധിക്കുന്നു. ജനറൽ കൗൺസിലിന് ദുഃഖകരവും കേരളസ്റ്റേയിറ്റ് കൗൺസിലിന്/പ്രസ്ബിറ്ററിക്ക് അപമാനകരവും ആയവിധം പ്രവർത്തിച്ച പാസ്റ്റർ കെ.പി. കുര്യന്റെ പേരിൽ ഉചിതമായ നടപടി സ്വീകരിച്ച് 2005 ഒക്ടോബർ 31-ന് മുമ്പ് ജനറൽ കൗൺസിലിനെ രേഖാമൂലം വിവരം അറിയിക്കേണ്ടതാണ്.

തൃശൂർഭാഗത്തു നിന്നുള്ള ചില സഹോദരൻമാരും പാസ്റ്റർ കുര്യനോട് ചേർന്ന് പ്രസ്തുത ജനറൽ കൗൺസിൽ മീറ്റിംഗിൽ കയറി പ്രശ്നങ്ങൾ സൃഷ്ടിക്കുകയുണ്ടായി

തൃശൂർഭാഗത്തു നിന്ന് വന്നത്

കൂട്ടാല വെസ്റ്റ് സഭയിൽ നിന്നുള്ള Br. K.M. Thomas, വലപ്പാവ് സഭയിൽ നിന്നുള്ള Bro. P.V. George, ആൽപ്പാറ സഭയിൽ നിന്നുള്ള Bro. K.M. Daniel, വിലങ്ങന്നൂർ സഭയിൽ നിന്നുള്ള Bro. V.V. Thomas എന്നിവരാണ് എന്ന് അറിയുന്നു.

നിശ്ചിത സമയത്തുതന്നെ ഈ കത്തിന് മറുപടി ലഭിക്കും എന്നുള്ള പ്രതീക്ഷയോടുകൂടെ,

പാസ്റ്റർ ടി.എസ്. എബ്രഹാം
(ജനറൽ പ്രസിഡണ്ട്)

പാസ്റ്റർ കെ. എം. ജോസഫ്
(ജനറൽ സെക്രട്ടറി)

Copy to: പാസ്റ്റർ കെ.പി. കുര്യൻ;
തൃശൂർ നിന്നുള്ള സഹോദരൻമാർ;
കേരളസ്റ്റേയ്റ്റ് കൗൺസിൽ അംഗങ്ങൾ;
ജനറൽ കൗൺസിൽ അംഗങ്ങൾ.

# മോനി ചെന്നിത്തല മൗനത്തിൽ

കൈക്കൂലി കൊടുത്ത് റീജിയൻ പ്രസിഡന്റായ സംഭവത്തേക്കുറിച്ച് മോനി ചെന്നിത്തലയ്ക്ക് മിണ്ടാട്ടമില്ല. ദൈവത്തിന്റെ ദാനം പണം കൊടുത്ത് വാങ്ങാൻ ശ്രമിച്ച ശീമോന്റെ ആധുനിക പതിപ്പുകളാണ് ഇത്തരക്കാർ.

പണവും പ്രതാപവുമുള്ളവർക്ക് പെന്തക്കോസ്ത് സഭകളിൽ എന്തും നേടാം എന്നതാണ് ഇന്നത്തെ സ്ഥിതി. പണം കൊടുത്ത് സഭാനേതാക്കൻമാരെ പ്രീതിപ്പെടുത്തിയാൽ പാസ്റ്ററോ സെന്റർ പാസ്റ്ററോ റീജിയൻ പ്രസിഡന്റോ ഒക്കെ ആകാം.

ജെയിംസ് ജോർജ് എന്ന ചങ്ങാതിക്ക് കൈക്കൂലി കൊടുത്തുകൊണ്ടാണ് മോനി ചെന്നിത്തല സിമണിക്ക് തുടക്കമിട്ടത്. ജെയിംസ് ജോർജ് കുമ്പനാട്ടെത്തി നടത്തിയ കളികളാണ് സൗദിയിൽ ഒരു റീജിയൻ ഉണ്ടാകാൻ കാരണമായത്.

വേണ്ടപ്പെട്ടവരെ സ്വാധീനിക്കാൻ ജെയിംസ് ജോർജിന് കഴിഞ്ഞു. അങ്ങനെയാണ് കെ.സി.ജോണിനെ വസ്തുതകൾ പഠിക്കാനായി സൗദിക്ക് വിട്ടത്. മോനി ചെന്നിത്തല കെ.സി.ജോണിന്റെ കീശ നിറച്ചപ്പോൾ സൗദിയിൽ റീജിയൻ വേണമെന്നും മോനി ചെന്നിത്തല അതിന്റെ പ്രസിഡന്റാകണമെന്നും ഉള്ള വസ്തുതകൾ കെ.സി.ജോണിന് ബോദ്ധ്യപ്പെട്ടു. പക്ഷേ, ടി.എസ്. ഏബ്രഹാമിനും മറ്റ് കൗൺസിൽ അംഗങ്ങൾക്കും വസ്തുതകൾ ബോദ്ധ്യമാക്കിക്കൊടുക്കാൻ മോനി ചെന്നിത്തലയ്ക്ക് ഏതാനും ലക്ഷങ്ങൾ കൂടി മുടക്കേണ്ടതായി വന്നു. അങ്ങനെയാണ് എല്ലാവർക്കും വസ്തുതകൾ ബോദ്ധ്യമായതും മോനി ചെന്നിത്തല ഐ.പി.സിയുടെ സൗദി റീജിയന്റെ പ്രസിഡന്റായത്.

ഏതാനും മാസം കഴിഞ്ഞപ്പോൾ മറ്റു ചിലർ വേണ്ടപ്പെട്ടവരെ വേണ്ടതുപോലെ കണ്ടു. അതോടെ സൗദിയിൽ ഒരു റീജിയൻ പോരാ എന്ന് നേതാക്കൻമാർക്ക് ബോദ്ധ്യമായി. പുതിയ റീജിയന്റെ ഭാരവാഹികൾ ആകേണ്ടത് ആരൊക്ക എന്നതും പണസഞ്ചി തീരുമാനിച്ചു. ഐ.പി.സിക്ക് സൗദിയിൽ പല റീജിയനുകൾ ഉണ്ടായത് ഇങ്ങനെയാണ്. (ശരിയല്ലേ മോനി?)


**OWN A WEBSITE**
**FOR Rs. 1500/-**
**No Hidden Costs**
**Call: 94474 14608**

**വണ്ടിയുടെ ഗ്ലാസ് തല്ലിപ്പൊളിക്കേണ്ട**

താക്കോൽ ഉള്ളിൽ വച്ച് നിങ്ങളുടെ വാഹനം പൂട്ടിപ്പോയി. അത് എങ്ങനെ തുറക്കും? വിവരം പെരുമ്പാവൂരിലെ ചാവിക്കടയിൽ അറിയിച്ചാൽ, (വാഹനം നിങ്ങളുടേതാണെന്ന് ബോദ്ധ്യപ്പെടുത്തിയാൽ), രണ്ടു മിനിറ്റുകൊണ്ട് കാര്യം സാധിക്കാം.

**ചാവിക്കട**

ഫെഡറൽ ബാങ്കിന് എതിർവശം, പെരുമ്പാവൂർ
ഫോൺ: 9447149309. സമയം: 9 AM to 9 PM.
ഞായറാഴ്ചയും പ്രവർത്തിക്കും

# ആത്മവിശ്വാസത്തിന്റെ ശക്തി

**ഡേവിഡ് ജെ. ഷ്വാർട്ട്സ്**

ആത്മവിശ്വാസമുള്ള വ്യക്തിക്ക് കുറ്റങ്ങളും കുറവുകളും തൃണവൽഗണിച്ച് മുന്നേറാൻ കഴിയും എന്ന് എന്റെ ഒരു സ്നേഹിതൻ വിവരിച്ച സംഭവം തെളിയിക്കുന്നു.

എന്റെ സ്നേഹിതന് ഫലിതപ്രിയനായ ഒരു സ്നേഹിതനുണ്ട്. അദ്ദേഹത്തിന്റെ നർമ്മബോധം പലപ്പോഴും അതിരു വിട്ടുപോകും എന്നത് ഒരു പ്രശ്നമാണ്. ഒരിക്കൽ ഒരു ഉദ്യോഗാർത്ഥി അദ്ദേഹത്തെ സമീപിച്ചു. കഠിനമായ വിക്കുള്ളവനായിരുന്നു അയാൾ. നാലുവട്ടം വിക്കാതെ ഒരു വാക്ക് പറയാൻ അയാൾക്ക് കഴിവില്ല. അതുകൊണ്ട് ആ മനുഷ്യനെ ജോലിക്ക് എടുക്കേണ്ടതില്ല എന്ന് തീരുമാനിക്കയും ചെയ്തു. പക്ഷേ, ഒരു തമാശക്കുള്ള വക ഇതിലൂടെ ഉണ്ടാക്കുവാൻ അദ്ദേഹം തീരുമാനിച്ചു.

തന്റെ സ്ഥാപനത്തിൽ ഇപ്പോൾ ഒഴിവില്ലാത്തതിനാൽ അയാളെ ജോലിക്ക് എടുക്കാൻ ആവില്ലെന്നും ആളെ ആവശ്യമുള്ള ഒരാളെ പരിചയപ്പെടുത്തി കൊടുക്കാമെന്നും അദ്ദേഹം അറിയിച്ചു. കൂടുതൽ വിശ്വാസ്യതക്കായി ഉദ്യോഗാർത്ഥിയുടെ മുൻപിൽവച്ചുതന്നെ എന്റെ സ്നേഹിതനെ ഫോണിൽ വിളിച്ച് കാര്യം പറഞ്ഞു. വിക്കിന്റെ പ്രശ്നത്തേക്കുറിച്ച് അറിയാതെ എന്റെ സ്നേഹിതൻ ഉദ്യോഗാർത്ഥിയെ തന്റെ അടുക്കലേക്ക് അയക്കാൻ പറയുകയും ചെയ്തു.

അയാളെ എന്റെ സ്നേഹിതൻ ഇൻറർവ്യൂ ചെയ്തപ്പോഴാണ് രഹസ്യം വെളിപ്പെട്ടത്. വെറും തമാശക്കുവേണ്ടിയാണ് അയാളെ അങ്ങോട്ടു വിട്ടത് എന്ന് വ്യക്തമായി. എങ്കിലും അവിടം വരെ വന്ന സ്ഥിതിക്ക് വെറുതെ പറഞ്ഞുവിടുന്നതെങ്ങനെ? അതുകൊണ്ട് ചില ചോദ്യങ്ങൾ ചോദിച്ചശേഷം ഉത്തരം തൃപ്തികരമല്ല എന്ന ന്യായം പറഞ്ഞ് കൈയൊഴിയാം എന്ന് എന്റെ സ്നേഹിതൻ തീരുമാനിച്ചു. അതനുസരിച്ച് ചില ചോദ്യങ്ങളൊക്കെ ഉദ്യോഗാർഥിയോട് ചോദിക്കയും ചെയ്തു. അയാൾ കൊടുത്ത മറുപടിയിൽ നിന്നും ഒരുകാര്യം വ്യക്തമായി: വിക്കുണ്ടെങ്കിലും അയാൾ മിടുക്കനാണ്. ഒടുവിൽ അദ്ദേഹം ഒരു ചോദ്യം ചോദിച്ചു:

"നിങ്ങൾക്ക് ഞങ്ങളുടെ കമ്പനിയുടെ ഉല്പന്നങ്ങൾ വിൽക്കാൻ കഴിയുമെന്ന് ഉറപ്പായി പറയാൻ കഴിയുമോ?"

ഈ ചോദ്യത്തിന് അയാൾ വിക്കിവിക്കി പറഞ്ഞ മറുപടി ഇതായിരുന്നു:

"എനിക്ക് ഈ കമ്പനിയുടെ ഉല്പന്നങ്ങൾ വിൽക്കാൻ കഴിയും എന്ന് എനിക്ക് ഉറപ്പുണ്ട്. കാരണം, എനിക്ക് ആളുകളെ പറഞ്ഞ് ബോധ്യപ്പെടുത്താൻ കഴിയും. എനിക്ക് വിക്കുണ്ട് എന്ന വസ്തുത മറന്നുകൊണ്ടല്ല ഇത് പറയുന്നത്. എന്റെ വിക്ക് എനിക്ക് ഒരു ബുദ്ധിമുട്ടായി തോന്നുന്നില്ലെങ്കിൽ പിന്നെ മറ്റുള്ളവർ എന്നെ ഓർത്ത് എന്തിന് വേവലാതിപ്പെടണം?"

ആ മറുപടി എന്റെ സ്നേഹിതന് ഇഷ്ടമായി. തികഞ്ഞ ആത്മവിശ്വാസമുള്ള ഒരാൾക്കു മാത്രമേ ഇത്തരത്തിലുള്ള ഒരു മറുപടി നൽകാൻ കഴിയൂ. അതുകൊണ്ട് എന്റെ സ്നേഹിതൻ അയാളെ ജോലിക്കെടുത്തു. ഇപ്പോൾ അയാൾ നല്ല നിലയിൽ ജോലി ചെയ്യുന്നു. ഒരു സെയിൽസ്മാന് സാധാരണഗതിയിൽ വിക്ക് ഒരു ശാപമാകേണ്ടതാണ്. പക്ഷേ, ആ ശാപത്തെ അയാൾ അനുഗ്രഹമാക്കി.

നിസ്സാര കാര്യങ്ങളെ ഓർത്ത് വ്യാകുലപ്പെടുന്നത് ഒഴിവാക്കാൻ മൂന്നു വഴികൾ:

1. നിങ്ങളുടെ ലക്ഷ്യം എന്താണെന്ന് മറക്കാതിരിക്കുക. ഒരു സെയിൽസ്മാന്റെ ലക്ഷ്യം ഉല്പന്നം വിൽക്കുക എന്നതാണ്. വേണ്ടത്ര വിൽപ്പന നടത്താൻ കഴിയാതെ മടങ്ങിവരുന്ന പല സെയിൽസ്മാൻമാരും ഇങ്ങനെ പറയാറുണ്ട്:

"നമ്മുടെ സാധനം മോശമാണെന്ന് അയാൾ പറഞ്ഞു. ഞാൻ വിട്ടുകൊടുത്തില്ല. ഒടുവിൽ ഞാൻ അയാളെ തോല്പിച്ചു. നമ്മുടെ സാധനം മോശമല്ല എന്ന് എനിക്ക് തെളിയിക്കാൻ കഴിഞ്ഞു". ശരി, നിങ്ങൾ വാദത്തിൽ ജയിച്ചു. പക്ഷേ. വാദത്തിൽ ജയിക്കുക എന്നതായിരുന്നില്ല, സാധനം വിൽക്കുകയായിരുന്നു നിങ്ങളുടെ ലക്ഷ്യം. അത് സാധിച്ചില്ല. അതുകൊണ്ട് നിങ്ങൾ പരാജയപ്പെട്ടു.

കച്ചവടത്തിൽ മാത്രമല്ല സുഹൃദ്ബന്ധത്തിലും കുടുംബജീവിതത്തിലും ഒക്കെ നമുക്ക് ചില ലക്ഷ്യങ്ങളുണ്ട്. സമാധാനവും സന്തോഷവുമുള്ള ജീവിതം അവയിൽ പ്രധാനപ്പെട്ടതാണ്. അത് നേടാൻ കഴിയുന്നുണ്ടോ എന്ന് പരിശോധിക്കുക. സഹപ്രവർത്തകരുമായി സഹകരിക്കാൻ കഴിയുന്നില്ലെങ്കിൽ, അയൽക്കാരുമായി നിരന്തരം വഴക്കാണെങ്കിൽ മറ്റെന്തു നേടിയിട്ടും പ്രയോജനമില്ല. പട്ടാളക്കാരുടെ ഭാഷയിൽ പറഞ്ഞാൽ, ഒരു പടയിൽ ജയിച്ചിട്ട് യുദ്ധത്തിൽ തോൽക്കുന്നതിനേക്കാൾ ഒരു പടയിൽ തോറ്റിട്ട് യുദ്ധം ജയിക്കയാണ് അഭികാമ്യം.

2. അനാവശ്യമായി ആവേശം കൊള്ളുന്നതിനും യുദ്ധത്തിന് ചാടിപ്പുറപ്പെടുന്നതിനും മുൻപ് "ഇത് അത്ര പ്രാധാന്യമുള്ള വിഷയമാണോ?" എന്ന് സ്വയം ചോദിക്കുക. ഭൂരിപക്ഷം വഴക്കുകളും ഈ രീതിയിൽ ഒഴിവാക്കാൻ കഴിയും.

3. പ്രധാന വിഷയങ്ങളെ വിട്ടിട്ട് നിസ്സാര കാര്യങ്ങളുടെ പിന്നാലെ പായരുത്. ഏതു പ്രശ്നത്തിലും പ്രധാനപ്പെട്ട സംഗതിയും അനുബന്ധ വിഷയങ്ങളും ഉണ്ടാകും. അനുബന്ധ വിഷയങ്ങളെ ഒഴിവാക്കിക്കൊണ്ട് പ്രധാന പ്രശ്നത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുക.

ചില സാഹചര്യങ്ങളും അവയോടുള്ള പ്രതികരണങ്ങളും ഇതാ. സാഹചര്യം, സാധാരണക്കാരുടെ പ്രതികരണം, ശരിയായ പ്രതികരണം എന്നീ ക്രമത്തിൽ കൊടുത്തിരിക്കുന്നു.

1. പണച്ചെലവ് കൂടുന്നു.
ചെലവ് വെട്ടിക്കുറയ്ക്കുന്നു.
വില്പന വർദ്ധിപ്പിക്കാനുള്ള വഴി കണ്ടുപിടിക്കുന്നു.

2. സംഭാഷണം.
ജോലി, കച്ചവടം, സുഹൃത്തുക്കൾ തുടങ്ങി എല്ലാറ്റിനേക്കുറിച്ചും കുറ്റം പറയുന്നു.
ജോലി, കച്ചവടം, സുഹൃത്തുക്കൾ തുടങ്ങി എല്ലാറ്റിനേക്കുറിച്ചും നൻമ പറയുന്നു.

3. ഉന്നമനം.
അതേ പടിയിൽ തുടരുകയോ പിന്നോട്ട് പോകുകയോ ചെയ്യും.
വളരാനുള്ള വഴി ആലോചിച്ച് കണ്ടുപിടിക്കുന്നു.

4. ഭാവി.
ചെറിയ പ്രതീക്ഷകൾ മാത്രം.
നല്ല ഭാവി സ്വപ്നം കാണുന്നു.

5. ജോലി.
ജോലി ചെയ്യാതിരിക്കാനോ കുറക്കാനോ ഉള്ള വഴി കണ്ടുപിടിക്കാൻ ശ്രമിക്കുന്നു.
പരമാവധി ജോലിചെയ്യാൻ ശ്രമിക്കുന്നു.

6. മത്സരം.
സാധാരണക്കാരുമായി മാത്രം മത്സരിക്കുന്നു.
ഏറ്റവും നല്ലതുമായി മത്സരിക്കുന്നു.

7. ലക്ഷ്യം.
ചെറിയ ലക്ഷ്യങ്ങൾ മാത്രം.
ഉയർന്ന ലക്ഷ്യങ്ങൾ

8. കാഴ്ചപ്പാട്.
ആസന്ന ഭാവി മാത്രം കാണുന്നു.
ദീർഘവീക്ഷണം ഉണ്ടായിരിക്കും.

9. സുഹൃത്തുക്കൾ.
സാധാരണക്കാരുമായി മാത്രമുള്ള ബന്ധം.
ഉന്നതരുമായുള്ള ബന്ധം.

നിങ്ങൾ സ്വയം വില കുറച്ച് കാണാതിരിക്കുക. കാരണം, നിങ്ങൾ വിലകുറഞ്ഞവനല്ല.

# ഡിഫെൻഡർ മറുപടി പറയുന്നു

? ശതാബ്ദി സമ്മേളനത്തിൽ ഇന്ത്യൻ പ്രധാനമന്ത്രി പങ്കെടുക്കുന്നത് സകല പെന്തക്കോസ്തുകാർക്കും അഭിമാനിക്കാൻ വക നൽകുന്ന കാര്യമാണ്. അതിനെ ഡിഫെൻഡർ എതിർക്കുന്നത് ശരിയല്ല.

■ വസ്തുതകൾ മനസ്സിലാക്കാതെയാണ് പലരും ഇത്തരം പ്രശ്നങ്ങളെ സമീപിക്കുന്നത്. അതുകൊണ്ട് ശരിയായ നിഗമനങ്ങളിൽ എത്താൻ കഴിയാതെ പോകുന്നു.

ദൈവവചനം ലോകത്തുള്ള മനുഷ്യരെ രണ്ടായി തിരിക്കുന്നു: വീണ്ടും ജനനം പ്രാപിച്ചവരെന്നും വീണ്ടും ജനനം പ്രാപിക്കാത്തവരെന്നും. വീണ്ടും ജനനം പ്രാപിച്ചവരുടെമേൽ രണ്ടാം മരണത്തിന് അധികാരമില്ല. വീണ്ടും ജനിക്കാത്തവരെല്ലാം നിത്യ നരകത്തിലേക്കാണ് പോകുന്നത്. രാജാവായാലും തെരുവുതെണ്ടി ആയാലും ഇതുതന്നെ സ്ഥിതി.

വീണ്ടും ജനിച്ച വ്യക്തികളെ എങ്ങനെ തിരിച്ചറിയാം എന്ന് മിക്കവരും ചോദിക്കാറുണ്ട്. ഒരു ഉദാഹരണം കൊണ്ട് ഇതു വ്യക്തമാക്കാം.

നിങ്ങൾ M.S.W. പാസ്സായ വ്യക്തിയാണോ എന്ന് വഴിയിൽ കാണുന്ന നൂറു പേരോട് ചോദിച്ചുനോക്കൂ. ചിലർ അതെ എന്നും ചിലർ അല്ല എന്നും മറുപടി പറയും. M.S.W. എന്നാൽ എന്താണ് എന്ന് ചോദിക്കുന്നവരും ഉണ്ടാകാം. ഈ മറുപടികൾ നിങ്ങൾ വിശകലനം ചെയ്യുക. M.S.W. പാസ്സായ വ്യക്തി താൻ M.S.W. പാസ്സായതല്ല എന്ന് കള്ളം പറയാൻ സാദ്ധ്യത കുറവാണ്. അതുകൊണ്ട് M.S.W. പാസ്സായതല്ല എന്ന മറുപടി വിശ്വസിക്കാം.

M.S.W. പാസ്സായതാണ് എന്നു പറയുന്നവരെ കണ്ണുമടച്ച് വിശ്വസിക്കരുത്. കാരണം, അവരിൽ ചിലരെങ്കിലും സുരേഷ് ബാബുവിന്റെ ഐ.ഐ.റ്റി. ബി. ടെക്. പോലെയാകാം M.S.W. പാസ്സായത്. എങ്കിലും M.S.W. പാസ്സായി എന്നു പറയുന്ന ചിലരെങ്കിലും M.S.W. പാസ്സായവരാകാം. പക്ഷേ, M.S.W. എന്നാൽ എന്ത് എന്ന് ചോദിക്കുന്ന വ്യക്തി M.S.W. പാസ്സായതല്ല എന്ന് ഉറപ്പായി പറയാം. കാരണം, M.S.W. പാസ്സായവർക്ക് M.S.W. എന്നാൽ എന്ത് എന്ന് ചോദിക്കേണ്ട ആവശ്യം വരികയില്ല.

നിങ്ങൾ വീണ്ടുംജനനം പ്രാപിച്ച വ്യക്തിയാണോ എന്ന് നൂറു പേരോട് ചോദിച്ചുനോക്കൂ. ചിലർ അതെ എന്നും ചിലർ അല്ല എന്നും മറുപടി പറയും. വീണ്ടും ജനനം എന്നാൽ എന്ത് എന്ന് ചോദിക്കുന്നവരും ഉണ്ടാകാം. ഈ മറുപടികൾ വിശകലനം ചെയ്തു നോക്കൂ.

വീണ്ടും ജനിച്ച വ്യക്തി താൻ വീണ്ടും ജനിച്ചതല്ല എന്ന് കള്ളം പറയുകയില്ല. അതുകൊണ്ട് വീണ്ടും ജനിച്ചതല്ല എന്നുള്ള മറുപടി പൂർണ്ണമായി വിശ്വസിക്കാം. പക്ഷേ, വീണ്ടും ജനിച്ചതാണ് എന്നുള്ള മറുപടി കണ്ണുമടച്ച് വിശ്വസിക്കരുത്. കാരണം, ചിലരെങ്കിലും കള്ളം പറയുകയാകാം. വീണ്ടും ജനനം എന്നാൽ എന്ത് എന്ന് ചോദിക്കുന്നവർ വീണ്ടും ജനിച്ചതല്ല എന്ന് വ്യക്തം.

ശതാബ്ദി സമ്മേളനത്തിൽ പങ്കെടുക്കാൻ എത്തുന്ന രാഷ്ട്രീയക്കാരോട് നിങ്ങൾ വീണ്ടും ജനിച്ചതാണോ എന്ന് ചോദിച്ചുനോക്കൂ. വീണ്ടും ജനനം എന്നാൽ എന്ത് എന്ന ചോദ്യമായിരിക്കും മറുപടിയായി ലഭിക്കുക. വീണ്ടും ജനനം എന്ന് അവരിൽ പലരും കേട്ടിട്ടുകൂടി ഉണ്ടാകില്ല. യേശു ഒരു അവതാര പുരുഷനാണ് എന്ന നിലപാടായിരിക്കും അവർക്കുണ്ടാകുക. ആത്മ സാക്ഷാത്ക്കാരത്തിനുള്ള നിരവധി വഴികളിൽ ഒന്ന് എന്ന നിലയിലായിരിക്കും അവർ യേശുവിനെ പരിഗണിക്കുക.

വിശ്വാസിക്കും അവിശ്വാസിക്കും തമ്മിൽ ആത്മീയ കൂട്ടായ്മയില്ല. രാജാവായാലും ഭിക്ഷക്കാരനായാലും അവിശ്വാസി അവിശ്വാസിതന്നെ. രാഷ്ട്രീയക്കാരായാലും ആത്മീയ വിഷയത്തിൽ വിശേഷ പരിഗണനയൊന്നും ഇല്ല.

എന്തിനാണ് പ്രധാനമന്ത്രിയേയും മറ്റും കൊണ്ടുവരുന്നത്? ആത്മീയ വർദ്ധനവിനാണോ? പ്രധാനമന്ത്രി വന്നതുകൊണ്ട് എന്ത് ആത്മീയ വർദ്ധനവാണാവോ ഉണ്ടാകുക. പിന്നെന്തിന് പ്രധാനമന്ത്രിയെ കൊണ്ടുവരുന്നു? സംഘാടകർക്ക് ഷൈൻ ചെയ്യാൻ. ആ ഒറ്റക്കാരണം മാത്രമേ ഇതിന്റെ പിന്നിലുള്ളൂ. സംഘാടകർക്ക് പ്രധാനമന്ത്രിയോടൊപ്പം നിന്ന് ഫോട്ടോ എടുക്കാം. വി.ഐ.പി. ചമഞ്ഞ് അങ്ങുമിങ്ങും ഓടി നടക്കാം. ആകെക്കൂടി ഒരു മേളം. സ്വന്തം പോക്കറ്റിൽ നിന്ന് ഒരു പൈസപോലും ചെലവില്ല. പമ്പര വിഡ്ഢികളായ പെന്തക്കോസ്തുകാർ പണം കൊടുത്തുകൊള്ളും. അവരുടെ ചെലവിൽ ആളുകളിക്കാം. കുശാൽ.

ഹാ ബുദ്ധിയില്ലാത്ത ഗലാത്യരേ എന്ന് പൗലോസ് വിളിച്ചതുപോലെ ഹാ ബുദ്ദൂസുകളേ എന്ന് പെന്തക്കോസ്തുകാരെ വിളിക്കാതെ പറ്റില്ല. സാത്താൻ ഒരുക്കിയ കെണിയിൽ ഭൂരിപക്ഷം പെന്തക്കോസ്തുകാരും വീണിരിക്കയാണ്. ശതാബ്ദി സമ്മേളനത്തിലൂടെ മഹത്വമെടുക്കുന്നത് സാത്താനായിരിക്കും. ശതാബ്ദി സമ്മേളനത്തിൽ മുഴങ്ങിക്കേൾക്കുന്നത് മറ്റൊരു സുവിശേഷമായിരിക്കും. സംശയം വേണ്ട.

മഹാസമ്മേളനങ്ങൾ നടത്തി ആളുകളിക്കുക എന്നത് ചിലർക്ക് ഒരു ഹോബിയാണ്. കോട്ടയത്ത് യോഗിചോയെ കൊണ്ടുവന്നപ്പോൾ മുൻപന്തിയിൽ നിന്ന ഭൂരിപക്ഷം ആളുകളും ഈ സമ്മേളനത്തിന്റെ മുൻപന്തിയിലുമുണ്ട്. സംശയമുള്ളവർ യോഗിചോ മീറ്റിംഗിന്റെ ഭാരവാഹി ലിസ്റ്റും ശതാബ്ദി സമ്മേളനത്തിന്റെ ഭാരവാഹി ലിസ്റ്റും പരിശോധിക്കുക. നേരിയ വ്യത്യാസം മാത്രമേ ഇവ തമ്മിൽ ഉള്ളൂ.

ഇത് ഒരുതരം രോഗമാണ്. ഇത്തരക്കാർക്ക് ഇടയ്ക്കൊക്കെ ഓരോ സമ്മേളനം നടത്തണം. അതിന് കഴിഞ്ഞില്ലെങ്കിൽ ഉറക്കം വരില്ല. ഇടയ്ക്കൊക്കെ അവാർഡ് കൊടുക്കുകയോ വാങ്ങുകയോ ചെയ്തില്ലെങ്കിൽ മോനായിക്കുണ്ടാകുന്ന ബുദ്ധിമുട്ടിനോട് സാമ്യമുള്ളതാണ് സമ്മേളനക്കാരുടെ രോഗലക്ഷണം.

എന്താണ് ഈ രോഗത്തിന്റെ പേരെന്ന് അറിഞ്ഞുകൂടാ. മാസ്റ്റോമാനിയ എന്നു പറഞ്ഞാൽ ഏകദേശം ശരിയായേക്കും. ഇവരുടെ അമിതാവേശം ആത്മീയ തീക്ഷ്ണതല്ല രോഗലക്ഷണമാണ്. സുവിശേഷത്തോടോ കർത്താവിനോടോ ഉള്ള സ്നേഹമല്ല ഇവരെ ഇതിന് പ്രേരിപ്പിക്കുന്നത്.

സമ്മേളനക്കാരുടെ ആത്മീയത തികഞ്ഞ കാപട്യമാണ്. അവരിൽ നല്ലൊരു പങ്ക് വീണ്ടും ജനനം പ്രാപിച്ചവരല്ല. വീണ്ടും ജനനം എന്നാൽ എന്ത് എന്ന് അറിയാത്തവർ വരെ ഈ കൂട്ടത്തിലുണ്ട്. പെന്തക്കോസ്ത് എന്നത് ഒരു സമുദായം മാത്രമാണ് എന്ന് ഇവരിൽ ചിലർ തുറന്നു പറഞ്ഞിട്ടുമുണ്ട്. കത്തോലിക്കർക്കും മറ്റും പെരുന്നാളുള്ളതുപോലെ പെന്തക്കോസ്ത് സമുദായത്തിന്റെ ഉത്സവമാണ് ക്രൂസേഡുകൾ എന്നത്രേ ഇവർ പറയുന്നത്.

കുരുടൻ കുരുടനെ വഴി കാണിക്കുന്ന സ്ഥിതിയാണ് ഇന്ന് പെന്തക്കോസ്തിലുള്ളത്. സമ്മേളനം നടത്തുന്ന കുരുടൻമാർ പണം കൊടുക്കുകയും സമ്മേളനത്തിൽ സംബന്ധിക്കയും ചെയ്യുന്ന കുരുടൻമാരെ വഴി നടത്തുന്നു. ഇവരുടെ പോക്ക് നരകമെന്ന കുഴിയിലേക്കാണ്.

# ശോശാമ്മ ആരെന്ന് പാസ്റ്റർ ബഞ്ചമിൻ വ്യക്തമാക്കണം

പാസ്റ്റർ ബഞ്ചമിൻ വർഗീസിന് ഏതോ ഒരു ശോശാമ്മയുമായി അവിഹിത ബന്ധമുള്ളതായി ആരോപണം ഉയർന്നിരിക്കുന്നു. കടമ്പനാട് ഐ.പി.സി. ഹാൾ ഉദ്ഘാടനം നടന്ന ദിവസം ഉണ്ടായ പ്രശ്നങ്ങളുമായി ബന്ധപ്പെട്ടാണ് ഇത്തരം ഒരു ആരോപണം ഉയർന്നത്.

ബിൽഡിംഗ് കമ്മറ്റിയുടെ ട്രഷറാർ ആയിരുന്ന ചാക്കോ ബേബിയുടെ മകൻ ജോൺസൺ ആണ് ആരോപണം ഉന്നയിച്ചത്. പൊതു സദസ്സിൽ ഉന്നയിച്ച ആരോപണമാകയാൽ ഡിഫെൻഡർ അത് അർഹിക്കുന്ന ഗൗരവത്തിൽ എടുക്കുന്നു.

പൊതുരംഗത്ത് നിൽക്കുന്നവർ തങ്ങൾക്കെതിരെ ആരോപണമുണ്ടാകുമ്പോൾ മറുപടി പറയണം. ബഞ്ചമിൻ വർഗീസ് അമ്പലത്തിലേക്കുള്ള റോഡ് ഉദ്ഘാടനത്തിന് ആശംസ പറയാൻ പോയതായി മനോരമയിൽ വാർത്തയുണ്ടായിരുന്നു. അത് ഡിഫെൻഡറിൽ ഉദ്ധരിക്കയും ചെയ്തിരുന്നു. പക്ഷേ, ബഞ്ചമിൻ വർഗീസ് ഈ വാർത്ത നാളിതുവരെ നിഷേധിച്ചിട്ടില്ല. അതുകൊണ്ട് ബഞ്ചമിൻ വർഗീസ് ആശംസ പറയാൻ പോയി എന്നുതന്നെയാണ് ഡിഫെൻഡർ ഇന്നും വിശ്വസിക്കുന്നത്.

ശോശാമ്മപ്രശ്നവും ഇതുപോലെയാണ്. ജോൺസൺ ഈ ആരോപണം ഉന്നയിച്ചത് പരസ്യമായാണ്. ഉദ്ഘാടനത്തിന് എത്തിയവർ ഇത് കേൾക്കുകയും ചെയ്തു. പക്ഷേ, ബഞ്ചമിൻ പാസ്റ്റർ ജോൺസൺ സംസാരിക്കുന്നത് തടയാൻ ശ്രമിച്ചതല്ലാതെ ആരോപണത്തിന് മറുപടി പറഞ്ഞില്ല. എന്തുകൊണ്ട്?

ശോശാമ്മ പ്രശ്നത്തേക്കുറിച്ച് ഡിഫെൻഡർ മുൻപ് സൂചിപ്പിച്ചിരുന്നെങ്കിലും ബഞ്ചമിൻ പാസ്റ്റർ പ്രതികരിച്ചില്ല. പെന്തക്കോസ്തിലെ സകല കള്ളൻമാരും ഈ രീതിയിലാണ് ആരോപണങ്ങളോട് പ്രതികരിച്ചിട്ടുള്ളത്. ആരോപണം സത്യമാകുമ്പോഴാണ് പെന്തക്കോസ്തു നേതാക്കൻമാർ മൗനവ്രതം തുടങ്ങുന്നത് എന്ന് ഡിഫെൻഡർ അനുഭവത്തിലൂടെ അറിഞ്ഞിട്ടുണ്ട്. ശോശാമ്മ പ്രശ്നം ഗൗരവത്തിൽ എടുക്കാൻ ഡിഫെൻഡർ തീരുമാനിച്ചതും ഈ കാരണത്താലാണ്.

ഈ പ്രശ്നത്തേക്കുറിച്ച് ഡിഫെൻഡർ ചില അന്വേഷണങ്ങളൊക്കെ നടത്തുകയും ചെയ്തു. ഇത് വെറും ഒരു ആരോപണം മാത്രമല്ല എന്ന് കണ്ടെത്താൻ ഇടയായത് അങ്ങനെയാണ്. ഗൗരവമുള്ള പ്രശ്നങ്ങൾ ഗൗരവത്തിൽ തന്നെ എടുക്കണമല്ലോ. അതുകൊണ്ട് ശോശാമ്മ പ്രശ്നം ഡിഫെൻഡർ ഗൗരവത്തിൽ എടുക്കുന്നു.

ഈ പ്രശ്നത്തിൽ ബഞ്ചമിൻ പാസ്റ്റർക്ക് എന്തെങ്കിലും പറയാനുണ്ടെങ്കിൽ അത് പറയാനുള്ള സമയം ഇതാണ്. അടുത്ത ലക്കം ഡിഫെൻഡർ പുറത്തു വരുന്നത് ഒക്ടോബർ ഒന്നാം തീയതിയാണ്. ബഞ്ചമിൻ പാസ്റ്റർക്ക് പറയാനുള്ളത് സെപ്റ്റംബർ 27ന് അകമായി ഡിഫെൻഡർ ഓഫീസിൽ രേഖാമൂലം എഴുതി നൽകണം. അങ്ങനെ ചെയ്യുന്നില്ലെങ്കിൽ ശോശാമ്മ പ്രശ്നത്തിൽ ബഞ്ചമിൻ പാസ്റ്റർ കുറ്റക്കാരനാണെന്ന് ഡിഫെൻഡർ ഉറപ്പിക്കുകയും അതനുസരിച്ച് അനന്തര നടപടികൾ സ്വീകരിക്കുകയും ചെയ്യും. ഇതോടുള്ള ബന്ധത്തിൽ താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കുക:

1. മറുപടി പറയേണ്ടത് ബഞ്ചമിൻ പാസ്റ്റർ തന്നെയാണ്. ഏതെങ്കിലും ശിങ്കിടിയേക്കൊണ്ട് കത്തയപ്പിച്ചാൽ പോരാ. ബഞ്ചമിൻ പാസ്റ്ററുടെ ഒപ്പുള്ള കത്താണ് ഡിഫെൻഡറിന് ആവശ്യം.
2. ശോശാമ്മ പ്രശ്നം ഡിഫെൻഡർ എഴുതുന്നത് തടയാനായി കള്ളക്കേസ്സ് കൊടുക്കാൻ ശ്രമിക്കരുത്. അത് പ്രശ്നം കൂടുതൽ ഗുരുതരമാക്കാനേ ഉപകരിക്കൂ.
3. എഴുതിക്കഴിഞ്ഞ് മാനനഷ്ടക്കേസ്സ് കൊടുക്കാൻ കഴിയുമെങ്കിലും എഴുതുന്നത് തടയാൻ ഈ രാജ്യത്ത് നിയമമില്ല.
4. മാനനഷ്ടക്കേസ്സ് കൊടുക്കുന്ന വ്യക്തി മാനം ഉണ്ടെന്ന് കോടതിയിൽ തെളിയിക്കേണ്ടതായി വരും. തലയ്ക്കു മുകളിലുള്ളതല്ലാതെ ഏതെങ്കിലും മാനം തനിക്കുണ്ടോ എന്ന് മാനനഷ്ടക്കേസ് കൊടുക്കുന്ന വ്യക്തി സ്വയം വിലയിരുത്തിയിട്ട് മാനനഷ്ടക്കേസിനു പോകുന്നത് ഉചിതമായിരിക്കും.
5. 1962 ജൂലൈ 17ന് ബഞ്ചമിൻ പാസ്റ്റർ രാജസ്ഥാനിലെ ഉദയപ്പൂരിലുണ്ടായിരുന്ന ബേബിക്ക് അയച്ച കത്തിൽ പാസ്റ്റർ കെ.ഇ.ഏബ്രഹാമിനേക്കുറിച്ചെഴുതിയ കാര്യങ്ങൾ വസ്തുതാപരമായിരുന്നോ? ആ കത്തിലുള്ളതൊക്കെ ശരിയാണെന്ന് ഇന്നും അംഗീകരിക്കുന്നുണ്ടോ? വ്യക്തമാക്കണം.

# കേസ്സുകൾ പിൻവലിക്കില്ല: വി.എസ്. അച്യുതാനന്ദൻ



പാമോയിൽ, ഇടമലയാർ കേസുകളിൽ കെ. കരുണാകരൻ, ആർ. ബാലകൃഷ്ണപിള്ള എന്നിവർക്കെതിരേയുള്ള കേസുകൾ യാതൊരു സാഹചര്യത്തിലും പിൻവലിക്കില്ലെന്ന് പ്രതിപക്ഷനേതാവ് വി.എസ് അച്യുതാനന്ദൻ വ്യക്തമാക്കി. തൃശൂരിൽ മാധ്യമ പ്രവർത്തകരോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. പിള്ള വീണ്ടും യു.ഡി.എഫുമായി അടുക്കുകയാണല്ലോയെന്ന ചോദ്യത്തിനാണ് വി.എസ് ഇങ്ങനെ പ്രതികരിച്ചത്. ഇടമലയാർ സംഭവത്തിൽ യു.ഡി.എഫ് പോലും പിള്ളയുടെ അഴിമതി അംഗീകരിച്ചിട്ടുള്ളതാണ്. 15 വർഷമായി തുടരുന്ന കേസാണിത്. ഇതും കരുണാകരനെതിരേയുമുള്ള കേസും യാതൊരു സാഹചര്യത്തിലും പിൻവലിക്കില്ല.

അടിയന്തരാവസ്ഥയിലെ രാജന്റെ തിരോധാനത്തെക്കുറിച്ച് ഇനി ചർച്ച ചെയ്യേണ്ടതില്ലെന്ന പിണറായി വിജയന്റെ പ്രസ്താവനയെക്കുറിച്ച് ചോദിച്ചപ്പോൾ വിവാദങ്ങളിലേക്കില്ല എന്നു മാത്രമായിരുന്നു അദ്ദേഹത്തിന്റെ പ്രതികരണം.

ഇ.എം.എസിന്റെ സർക്കാർ മുതൽ കേരളത്തിൽ വികസനം നടത്തിവരുന്ന ഇടതുമുന്നണിയെ വികസന വിരോധികളെന്ന് മുഖ്യമന്ത്രി വിശേഷിപ്പിക്കുന്നത് കഷ്ടമാണ്. സ്വാശ്രയസ്ഥാപനങ്ങളെ കയറൂരിവിട്ടും ഭക്ഷ്യമേഖലയിലെ പൊതുവിതരണ സമ്പ്രദായം തകർത്തും വികസനത്തെ അട്ടിമറിക്കുന്നത് യു.ഡി.എഫാണ്. ഇവർക്ക് വികസനമെന്നാൽ കീശയുടെ വികസനമാണെന്നും അദ്ദേഹം പറഞ്ഞു.

# ഇത്തവണ ഞാൻ വോട്ടു ചെയ്യുന്നില്ല



കെ.കരുണാകരനുമായി ഇടതുപക്ഷം സഖ്യത്തിലേർപ്പെട്ടതിൽ പ്രതിഷേധിച്ച് രാജന്റെ പിതാവ് ഈച്ചര വാര്യർ ഇത്തവണ വോട്ടു ചെയ്യുന്നില്ലെന്ന് പ്രഖ്യാപിച്ചു. (ആരെല്ലാം മറന്നാലും ചർച്ച വേണ്ടെന്ന് പ്രഖ്യാപിച്ചാലും ഈ അച്ഛന് സ്വന്തം മകനെ മറക്കാനും മകനെ കൊന്നവരോട് പൊറുക്കാനും പറ്റില്ലല്ലോ).

# മത്സരം ഒറ്റനോട്ടത്തിൽ

സംസ്ഥാനത്തെ തദ്ദേശഭരണ തെരഞ്ഞെടുപ്പിൽ 64,159മത് സ്ഥാനാർത്ഥികൾ മത്സരരംഗത്തുണ്ടാകും. ജില്ലാ പഞ്ചായത്തുകളിലേക്ക് 1087 സ്ഥാനാർത്ഥികളും ബ്ലോക്ക് പഞ്ചായത്തുകളിലേക്ക് 5946 സ്ഥാനാർത്ഥികളും ഗ്രാമപഞ്ചായത്തുകളിലേക്ക് 50,575 സ്ഥാനാർത്ഥികളുമാണ് മത്സര രംഗത്തുള്ളത്.

അഞ്ച് കോർപ്പറേഷനുകളിലേക്ക് 1266 പേരാണ് മത്സരിക്കുന്നത്. 52 മുൻസിപ്പാലിറ്റികളിലേക്ക് 5285 സ്ഥാനാർത്ഥികളാണുള്ളത്. മലപ്പുറം ജില്ലയിലെ ഗ്രാമപഞ്ചായത്തുകളിലേക്കാണ് ഏറ്റവും കൂടുതൽ സ്ഥാനാർത്ഥികൾ മത്സരിക്കുന്നത്. 5187 പേരാണ് ഇവിടുത്തെ വിവിധ ഗ്രാമപഞ്ചായത്തുകളിലേക്ക് മത്സരിക്കുന്നത്. കോർപ്പറേഷനുകളിലേക്ക് മത്സരിക്കുന്നവരുടെ എണ്ണം : തിരുവനന്തപുരം- 383, കൊല്ലം-245, കൊച്ചി-257, തൃശൂർ-180, കോഴിക്കോട്-201.

ത്രിതല പഞ്ചായത്തുകളിലെ സ്ഥാനാർത്ഥികളുടെ എണ്ണം ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ഗ്രാമ പഞ്ചായത്ത്, മുൻസിപ്പാലിറ്റി ക്രമത്തിൽ: തിരുവനന്തപുരം: 97, 524, 4753, 486. കൊല്ലം: 91, 521, 4459, 199. പത്തനംതിട്ട: 61, 350, 2771, 319. ആലപ്പുഴ: 71, 456, 3818, 631. കോട്ടയം: 69, 475, 3858, 360. ഇടുക്കി: 44, 272, 2405, 101. എറണാകുളം: 88, 565, 4501, 733. തൃശൂർ: 97, 621, 4693, 527. പാലക്കാട്: 87,488, 4285, 465. മലപ്പുറം: 88, 555, 5187, 539. കോഴിക്കോട്: 100, 467, 3790, 230. വയനാട്: 53, 125, 1379, 65. കണ്ണൂർ: 82, 341, 2913, 434. കാസർഗോഡ്: 59, 186, 1763, 196.

# ബാലറ്റ് പേപ്പർ മൂന്നു നിറങ്ങളിൽ

തദ്ദേശ സ്വയംഭരണ തെരഞ്ഞെടുപ്പിൽ ത്രിതല പഞ്ചായത്തുകളിൽ വ്യത്യസ്ത നിറത്തിലുള്ള ബാലറ്റ് പേപ്പർ ഉപയോഗിക്കുമെന്ന് സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു. ജില്ലാ പഞ്ചായത്തിലേക്ക് നീലയും, ബ്ലോക്ക് പഞ്ചായത്തിലേക്ക് പിങ്കും, ഗ്രാമപഞ്ചായത്തുകളിലേക്ക് വെള്ള നിറത്തിലുമാണ് ബാലറ്റ് പേപ്പർ അച്ചടിക്കുക.

മുൻസിപ്പാലിറ്റികളിലേക്കും കോർപ്പറേഷനുകളിലേക്കും ഇലക്ട്രോണിക് വോട്ടിംഗ് യന്ത്രമാണ് ഉപയോഗിക്കുക. എങ്കിലും ടെൻഡർ വോട്ടിംഗിനായി വെള്ള നിറത്തിൽ ബാലറ്റ് പേപ്പർ അച്ചടിച്ച് നൽകും. പോസ്റ്റൽ ബാലറ്റുകൾക്ക് ഓരോ തലത്തിലും സാധാരണ ബാലറ്റിന്റെ നിറമായിരിക്കും.

# അടുത്ത സി.ഡി. ആത്മലോകത്തേക്കുറിച്ച്

വീട്ടിൽ ഒരു ബൈബിൾ സ്ക്കൂൾ എന്ന പേരിൽ റ്റി.എസ്. ബാലൻ തയ്യാറാക്കി വരുന്ന പത്തു സി.ഡി.കളിൽ മൂന്നാമത്തേത് രണ്ടാഴ്ചയ്ക്കകം പുറത്തിറങ്ങും. ആത്മലോകവുമായി ബന്ധപ്പെട്ട വിഷയങ്ങളാണ് ഈ സി.ഡിയുടെ ഉള്ളടക്കം.

നാം കാണാത്ത ലോകം എന്ന അർത്ഥത്തിലാണ് ആത്മലോകം എന്ന വാക്ക് സ്വീകരിച്ചിരിക്കുന്നത്. ദൈവാത്മാവ്, ദൈവദൂതൻമാർ, സാത്താൻ, സാത്താന്റെ ദൂതൻമാർ, ഭൂതങ്ങൾ തുടങ്ങി വിവിധ വിഷയങ്ങൾ പഠനവിധേയമാക്കും. ഉപരിപ്ലവമായ ഒരു പഠനമല്ല, ആഴത്തിലുള്ള പഠനമാണ് നടത്തുക. സാധാരണക്കാർക്ക് അറിഞ്ഞുകൂടാത്ത ഒട്ടേറെ കാര്യങ്ങൾ ഈ സി.ഡിയിൽ ഉണ്ടാകും.

ആഭിചാരം, കൈവിഷം, ജ്യോതിഷം, മന്ത്രതന്ത്രങ്ങൾ തുടങ്ങിയവയേക്കുറിച്ചും പഠനങ്ങളുണ്ടാകും. യോഗാഭ്യാസം, ജീവനകല, പ്രാണിക് ഹീലിംഗ് തുടങ്ങിയവ ശാസ്ത്രീയമാണോ എന്നും പരിശോധിക്കും.

മരിച്ചവർ പ്രേതമാകുമോ, ഭൂതവും പിശാചും തമ്മിലുള്ള വ്യത്യാസമെന്ത്, ഭൂതങ്ങൾ ഉണ്ടായതെങ്ങനെ തുടങ്ങിയ ചോദ്യങ്ങൾക്കുള്ള ഉത്തരം ദൈവവചന വെളിച്ചത്തിൽ കണ്ടെത്തും.

ആത്മലോകത്തേക്കുറിച്ച് വേണ്ടത്ര അറിവില്ലാത്തതുകൊണ്ടാണ് ദൈവമക്കൾ ഊതിവീഴ്ത്ത്, വിശുദ്ധ ചർദ്ദി, വിശുദ്ധ കുര, കപട രോഗശാന്തി, വ്യാജ ഉണർവ്വുകൾ തുടങ്ങിയവയുടെ യൊക്കെ പിന്നാലെ പോകുന്നത്. അതുകൊണ്ട് പരി ശുദ്ധാത്മാവിന്റെ പ്രവർത്തനങ്ങളേക്കുറിച്ചും തിരുവചന വെളിച്ചത്തിൽ പഠിക്കുന്നതാണ്.

ഈ സി.ഡി. ആവശ്യമുള്ളവർ 100 രൂപ മണിയോർഡർ അയക്കുക. 10 സി.ഡികളുടെ സെറ്റിന് 750 രൂപ അയച്ചാൽ മതിയാകും. വിശദ വിവരങ്ങൾ എട്ടാം പേജിൽ ലഭിക്കും.

# നവംബർ ഒന്ന് ഏറെ ദൂരെയല്ല കെ. സീ.

നവംബർ ഒന്ന് ഏറെ അകലെയല്ല. കെ.സി.ജോണിനെ സംബന്ധിച്ചിടത്തോളം ഈ തീയതി പ്രാധാന്യമുള്ളതാണ്. പെന്തക്കോസ്ത് പത്രങ്ങളൊക്കെ ആ തീയതി മറന്നു കഴിഞ്ഞെങ്കിലും ഡിഫെൻഡറിന് അത്ര പെട്ടെന്ന് മറക്കാൻ കഴിയുന്നില്ല. അതുകൊണ്ട് ഈ വിഷയം കെ.സി. ജോണിനെ ഓർമ്മിപ്പിക്കയാണ്.

2004 നവംബർ ഒന്നിന് ഒരു വലിയ സംഭവം ഈ ഭൂമിമലയാളത്തിൽ ഉണ്ടാകുമെന്ന് കെ. സി.ജോൺ ഒന്നരക്കൊല്ലം മുൻപ് പറഞ്ഞിരുന്നു. കെ.സി.ജോൺ ചെയർമാനായുള്ള വേഡ് ടെലികാസ്റ്റിംഗ് കമ്പനി രണ്ടു മലയാളം ചാനൽ തുടങ്ങുമെന്നായിരുന്നു പ്രഖ്യാപനം. ഒരെണ്ണം പക്കാ ആത്മീയൻ. 24 മണിക്കൂറും പാട്ടും പ്രാർത്ഥനയും പ്രസംഗവും മാത്രം. മറ്റവൻ അത്ര ആത്മീയനല്ല. വിജ്ഞാനദാഹിയും അല്പസ്വല്പം വിനോദം ഇഷ്ടപ്പെടുന്നവനുമാണ് ഈ ചങ്ങാതി.



പ്രഖ്യാപിച്ചത് കെ.സി. ജോൺ ആയതുകൊണ്ട് സകലമാന പെന്തക്കോസ്ത് പത്രങ്ങളും ഇത് കൊട്ടിഘോഷിച്ചു. ഇത് നടപ്പിലാകാത്ത പരിപാടിയാണെന്ന് ഡിഫെൻഡർ മാത്രം പറഞ്ഞു. ഏതാനും മാസം കഴിഞ്ഞപ്പോൾ ചാനലുകളുടെ എണ്ണം ഒന്നാക്കി. അത് അധികമാരും അറിഞ്ഞില്ല.

അങ്ങനെ 2004 നവംബർ ഒന്ന് എത്തി. പക്ഷേ, ഒന്നും സംഭവിച്ചില്ല. ചാനലിന്റെ പൊടിപോലും ഇല്ല. തൃപ്തികരമായ ഒരു വിശദീകരണം നൽകിയതുമില്ല. അതിനുശേഷം ഒരിക്കലും കെ. സി.ജോൺ ചാനലിനേക്കുറിച്ച് പ്രസ്താവനകൾ ഇറക്കിയുമില്ല.

കുറെ പണച്ചാക്കുകളെ കെ.സി.ജോൺ വലയിലാക്കിയിട്ടുണ്ടെന്നും പണമില്ലാത്തതുകൊണ്ട് ചാനൽ ഉണ്ടായില്ല എന്ന പ്രശ്നം ഇനി ഉണ്ടാകില്ല എന്നും അടുത്ത കാലത്ത് കേട്ടിരുന്നു. ചാനലിനുവേണ്ടി ഇന്റർവ്യൂ നടത്തിയെന്നും ഉദ്യോഗസ്ഥരെ നിയമിച്ചെന്നും പ്രചരണമുണ്ടായിരുന്നു. പക്ഷേ, ചാനൽ മാത്രം എത്തിയിട്ടില്ല.

ഒരു മാസം കൂടി കഴിയുമ്പോൾ നവംബർ ഒന്ന് എത്തും. വാക്കുമാറ്റത്തിന്റെ ഒന്നാം വാർഷിക ദിനമാണ് അന്ന്. എന്തുകൊണ്ട് ചാനൽ ഉണ്ടായില്ല എന്ന് വ്യക്തമാക്കുവാനുള്ള ബാദ്ധ്യത കെ.സി. ജോണിനുണ്ട്.

വേഡ് ടെലികാസ്റ്റിംഗ് കമ്പനി ഒരു പബ്ലിക്ക് ലിമിറ്റഡ് കമ്പനിയാണ്. പൊതുജനങ്ങളാണ് ഇതിനു പണം മുടക്കുന്നത് എന്ന് ചുരുക്കം. അതുകൊണ്ട് കമ്പനി എങ്ങോട്ടു പോകുന്നു എന്നറിയാനുള്ള അവകാശം പണം മുടക്കിയവർക്കും പണം മുടക്കാൻ ഉദ്ദേശിക്കുന്നവർക്കും ഉണ്ട്. (സംശയമുള്ളവർ കമ്പനി നിയമം നോക്കുക). അതുകൊണ്ട് കമ്പനി ഇപ്പോൾ ഏതു സ്ഥിതിയിലാണെന്ന് കെ.സി.ജോണും മാത്യൂസ് ചാക്കോയും പറയണം. പൊതുജനത്തോട് പിരിച്ചെടുത്ത പണം എന്തുചെയ്തു എന്ന് അറിയണം.

പവർ വേഡ് മിനിസ്ട്രി എന്ന പേരിൽ ഒരു കുണ്ടാമണ്ടി മൂന്നു കൊല്ലം മുൻപ് കെ.സി. ജോൺ തട്ടിക്കൂട്ടിയിരുന്നു. കൂടാതെ, മിറക്കിൾ നെറ്റിൽ പ്രസംഗിക്കയും ചെയ്തിരുന്നു. ഇപ്പോൾ ഇതേപ്പറ്റി ഒന്നും കേൾക്കാനേയില്ല. പൊതുജനങ്ങളുടെ പണം ഉപയോഗിച്ചാണ് ഈ കലാപരിപാടികളൊക്കെ നടത്തിയിരുന്നത്. ഇതൊക്കെ തുടങ്ങിയ വിവരം നാട്ടുകാരൊക്കെ അറിഞ്ഞെങ്കിലും നിർത്തിയ കാര്യം ആരും അറിഞ്ഞില്ല. ചാനലിനും ഇതുതന്നെയാണോ ഗതി?

## വരയും വാരവും

ദേവരൻ




(കടപ്പാട്: കേരള മിഡ് ഡേ ടൈംസ് - തീയതി: 11-9-2005)

## എതിരില്ലാതെ തെരഞ്ഞെടുക്കപ്പെട്ടവർ

### (ജില്ല തിരിച്ചുള്ള പട്ടിക)

തിരുവനന്തപുരം-മൂന്ന് (ഗ്രാമ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, മുൻസിപ്പാലിറ്റി-ഒന്നു വീതം).
പത്തനംതിട്ട-ബ്ലോക്ക് പഞ്ചായത്ത്-ഒന്ന്.
കോട്ടയം: ഗ്രാമപഞ്ചായത്ത്-മൂന്ന്.
ഇടുക്കി: ഗ്രാമപഞ്ചായത്ത്-നാല്.
എറണാകുളം: മുൻസിപ്പാലിറ്റി-രണ്ട്.
തൃശൂർ: ഗ്രാമപഞ്ചായത്ത്-രണ്ട്, മുൻസിപ്പാലിറ്റി-ഒന്ന്.
പാലക്കാട്: ഗ്രാമപഞ്ചായത്ത്-അഞ്ച്, ബ്ലോക്ക് പഞ്ചായത്ത്-ഒന്ന്, മുൻസിപ്പാലിറ്റി-ഒന്ന്.
മലപ്പുറം: ഗ്രാമ പഞ്ചായത്ത്- ഒന്ന്.
കോഴിക്കോട്: ഗ്രാമപഞ്ചായത്ത്-രണ്ട്, ബ്ലോക്ക് പഞ്ചായത്ത്-രണ്ട്.
വയനാട്: ഗ്രാമപഞ്ചായത്ത്-ഒന്ന്.
കണ്ണൂർ: ഗ്രാമപഞ്ചായത്ത്-46, ബ്ലോക്ക് പഞ്ചായത്ത്-ഒന്ന്, മുൻസിപ്പാലിറ്റി-12.
കാസറഗോഡ്: ഗ്രാമപഞ്ചായത്ത്- 14, ബ്ലോക്ക് പഞ്ചായത്ത്-ഒന്ന്, മുൻസിപ്പാലിറ്റി-ആറ്.

## ഇവൻ പരമ യോഗ്യൻ






## ട്രസ്റ്റുകളും സൊസൈറ്റികളും ഉണ്ടാക്കുന്നതെങ്ങനെ?

അനാഥശാലകൾ, വൃദ്ധസദനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആരാധനാലയങ്ങൾ, മതസ്ഥാപനങ്ങൾ തുടങ്ങിയവ സ്ഥാപിക്കുവാനും നടത്തുവാനും ആഗ്രഹമുള്ളവർ നിരവധിയാണ്. പക്ഷേ, അതിനാവശ്യമായ ചാരിറ്റബിൾ സൊസൈറ്റികളും ട്രസ്റ്റുകളും എങ്ങനെയാണ് രജിസ്റ്റർ ചെയ്യേണ്ടതെന്ന് മിക്കവർക്കും അറിഞ്ഞുകൂടാ.

ഈ രംഗത്ത് ഡിഫെൻഡർ നിങ്ങളെ സഹായിക്കാം.

ഞങ്ങൾ നൽകുന്ന സേവനങ്ങൾ:

ചാരിറ്റബിൾ സൊസൈറ്റികളും ട്രസ്റ്റുകളും സ്ഥാപിക്കാൻ ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു.

സ്ഥാപനം രജിസ്റ്റർ ചെയ്യാൻ വേണ്ട നിയമാവലിയും മറ്റും ഉണ്ടാക്കുന്നു.

ആദായ നികുതി ഇളവുകളും മറ്റും ലഭിക്കാൻ ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു.

കൂടുതൽ വിവരങ്ങൾക്ക്
ഡിഫെൻഡർ ഓഫീസുമായി ബന്ധപ്പെടുക.
ഫോൺ: 0484-3950734, 9447414608

# WHAT IS TRUE RIVIVAL?

What is revival? We all supposedly long for and pray for revival. We constantly hear both preachers and even sometimes politicians make statements to the effect that what America needs is revival. A look at Webster reveals that revival is "restoration, religious awakening, meeting, being made alive or refreshed". What is true revival? Is God interested in revival? Has America gone too far down the wrong track to witness another great revival? Thank God there is revival sweeping many of the third world countries but how desperate are we for revival in America? Remember this definition of revival as given by one of the early revivalists.. "nothing more than God finding a dwelling place on earth, nothing more or less than the abiding presence of Jesus Christ". Let's let an early revivalist, named Owen Murphy answer the question as to what is true revival. The following are quotes from his article 'This is Revival': "When men in the streets are afraid to open their mouths and utter godless words lest the judgments of God should fall; when sinners, overawed by the Presence of God tremble in the streets and cry for mercy; when, without special meetings and sensational advertising, the Holy Ghost sweeps across cities and towns in Supernatural Power and holds men in the grip of terrifying Conviction; when every shop becomes a pulpit; every heart an altar; every home a sanctuary and people walk softly before God, this is Revival". "Today the word Revival has largely lost its real meaning. Our present generation, never having witnessed the mighty movings of God in nationwide spiritual awakening such as has taken place in past generations, has little conception of the magnitude of such a "visitation". "Heaven-sent revival is not religious entertainment, where crowds gather to hear outstanding preachers and musical programs: neither is it the result of sensational advertising – in a God-sent revival you don't spend money on advertising; people come because Revival is there. Revival is an "awareness of God" that grips the whole community, and the roadside. The tavern, as well as the church, become the places where men find Christ. Here is the vast difference between our modern evangelistic campaigns and true revival. In the former, hundreds may be brought to a knowledge of Christ and churches experience seasons of blessings, but as far as the community is concerned little impact is made... In revival, the Spirit of God, like a cleansing flame, sweeps through the community, divine conviction grips people everywhere; the strongholds of the devil tremble, and many close their doors, while multitudes turn to Christ." This is true revival and the church must be first follow the mandates of 2 Chronicles 7:14. How disturbing are the words of some of our leaders who estimate that only 25% - 30% of church members will actually go up in the rapture and how alarming it is to see the news reports that the social ills of our society such as divorce, adultery, homosexuality, unforgiveness, strife, jealousy, disputes and factions are as prevalent inside the church as they are outside the church. The church must have revival. How do we get there? In 2 Chronicles 7:14, we are told very explicitly how to experience revival and we are all familiar with these words. In this verse there are four conditions that must take place in order for revival to become a reality in our world today. "My people" must…humble themselves, must pray, must turn from their wicked way and must "seek My face" - four conditions to meet for revival. The sins of pride, unrighteousness and prayerlessness and all of the carnality within the churches must be dealt with before we see revival. However, the question at hand is this, "IF", are we willing to pay the price for revival or will we be content for business as usual and witness an occasional time of refreshing in our midst while our families, communities, churches and nation slide further into anarchy, apostasy and apathy. It's up to you and me. God will uphold His end of the challenge if we meet the conditions as outlined in His Word. "IF" my people will: (1) Humble themselves, (2) Pray, (3) Turn from their wicked ways, and (4) Seek my face. Andrew Bonar explains, "revivals begin with God's people, the Holy Spirit touches their heart anew, and gives them new fervor and compassion and zeal, new light and life, and when He has thus come to you, He next goes forth to the valley of dry bones. Oh, what responsibility this lays on the Church of God! If you grieve Him away from yourselves, or hinder His visit, then the poor perishing world suffers sorely!. —We need revival so that we can once again touch this nation and world for Christ. We must have revival, one that touches every segment of our society. If we want revival, we will cry out to God out of desperation. A place that we know that we can't survive without His touch and His indwelling presence. Hannah was desperate, so were Ezra, Nehemiah and the other prophets of old. Evan Roberts of Wales was desperate for revival. In fact, he prayed 11 years for revival. He was a very humble man, a man in his twenties when in 1904, he witnessed the Welsh revival that swept the world. Will you be the one that perhaps makes the difference? Prayers of desperation and an intense desire for revival will produce groanings, travail, anguish, agony coming from the prayer closet. Prayers of DESPERATION. Repentance or a turning away from the former, according to our scripture, must take place before revival. It's repentance or judgment. All of the sins of the church - pride envy, jealousy and unforgiveness must be repented-of if we want revival. Repentance is Godly sorrow and a turning away from the past. Ezra and Nehemiah cried out in repentance on behalf of their people. We must not only repent of our sins and failures, but also for the sinfulness of our church, families, communities and nations. -Prayers of REPENTANCE. Only then will true Revival come.

## റേഞ്ച് അശേഷമില്ല




SPOT ADMISSION & GUIDANCE
അഡ്മിഷൻ തുടരുന്നു
INC APPROVED
KNC APPROVED
LOWEST FEES
B.Sc GNM NURSING
M.B.B.S., B.D.S., B.Pharm MBA, BHM
SEATS IN MEDICAL COLLEGES, HOSPITALS & REPUTED COLLEGE
Yanappoya Medical College • KVG Medical College • Adichunchagiri Medical College • AJ Medical College • Unity Hospital • Vijayanagar Hospital • Sreedevi Hospital • Mission hospital • BGS Appolo Hospital • Diana • Danvandiri • City • Gautham • Padmasree • Venkateswara • Navaneetham • Chitanya • Mother Teresa • Oxford • Indian Institute • Sri Kalabyraveshwara • Sradha • Mathru • Noor •
M.D., M.S., M.D.S., M.P.T. M. Pharm
ENGG. B.Sc./M.Sc
ALL SUBJECTS/NOMARKS BAR/ VHSE ELIGIBLE
AERONAUTICAL, MARINE, BIO-TECH, BIO-MEDICAL, PETROLEUM, BIO-INFORMATICS, MEDICAL ELECTRONICS, COMPUTER ETC
BIO-CHEM, VISUAL COMMUNICATION, MCA, MSW, MIB, BBM etc
Head Office: Opp. UCO Bank, Frazer town, Banglore, Ph: 080-57658044, 30930167
EDU-WORLD
WORLD OF EDUCATION
Penta Building, Near Jacobite Church, M. C. Road, PERUMBAVOOR
Receiving Office: 34/1, Anand Arcade, A. V. Road, Kalasipalaya Banglore
Ph : 3967617, 98954 88089, 94478 15788